# കേരള സർക്കാർ

## തദ്ദേശഭരണ വകുപ്പ്

കേരള പഞ്ചായത്തുരാജ് ആക്റ്റ്, കേരള മുനിസിപ്പാലിറ്റി ആക്റ്റ് എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം സർക്കാരിന്റെ ചുമതലകളും സ്ഥാപനങ്ങളും പദ്ധതികളും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാററം ചെയ്തുകൊണ്ടുള്ള ഉത്തരവ്

ജി.ഒ. (പി) നമ്പർ 189/95/ത.ഭ.വ. തീയതി 18–9–1995

©

കേരള സർക്കാർ

1995

തിരുവനന്തപുരം സർക്കാർ പ്രസ്സിൽ ഗവ:പ്രസ്സുകളുടെ സൂപ്രണ്ടിനാൽ 1995–ൽ അച്ചടിക്കപ്പെട്ടത്.

കേരള സർക്കാർ

സംഗ്രഹം

അധികാരവികേന്ദ്രീകരണം–കേരള പഞ്ചായത്ത്‌രാജ് ആക്ട്, കേരള മുനിസിപ്പാലിററി ആക്ററ് എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം സർക്കാരിന്റെ ചുമതലകളും സ്ഥാപനങ്ങളും പദ്ധതികളും തദ്ദേശ സ്ഥാപനങ്ങൾക്ക് കൈമാററം ചെയ്തുകൊണ്ട് ഉത്തരവു പുറപ്പെടുവിക്കുന്നു

---

തദ്ദേശഭരണ (സി) വകുപ്പ്

ജി.ഒ. (പി) നമ്പർ 189/95/തഭവ.    തിരുവനന്തപുരം, 1995 സെപ്ററംബർ 18.

---

ഉത്തരവ്

1. 1994–ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 166 (6), 167 (1), 172 (5), 173 (5) എന്നീ വകുപ്പുകളിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതുപ്രകാരം, പ്രസ്തുത ആക്ടിലെ മൂന്നാം പട്ടികയിൽ (അനുബന്ധം–1) പരാമർശിച്ചിട്ടുള്ള സംഗതികളുമായി ബന്ധപ്പെട്ട സർക്കാരിന്റെ ചുമതലകളും സ്ഥാപനങ്ങളും പദ്ധതികളും സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകൾക്കും, നാലാം പട്ടികയിൽ (അനുബന്ധം–2) പരാമർശിച്ചിട്ടുള്ള സംഗതികളുമായി ബന്ധപ്പെട്ട സർക്കാരിന്റെ ചുമതലകളും സ്ഥാപനങ്ങളും പദ്ധതികളും ബ്ലോക്കു പഞ്ചായത്തുകൾക്കും, അഞ്ചാം പട്ടികയിൽ (അനുബന്ധം–3) പരാമർശിച്ചിട്ടുള്ള സംഗതികളുമായി ബന്ധപ്പെട്ട സർക്കാരിന്റെ ചുമതലകളും സ്ഥാപനങ്ങളും പദ്ധതികളും ജില്ലാ പഞ്ചായത്തുകൾക്കും 1995 ഒക്ടോബർ 2–ാം തീയതി രാവിലെ മുതൽ പ്രാബല്യത്തിൽ വരത്തക്കവണ്ണം കൈമാററം ചെയ്തുകൊണ്ട് ഉത്തരവു പുറപ്പെടുവിക്കുന്നു.

2. അതുപോലെ, 1994–ലെ കേരള മുനിസിപ്പാലിററി ആക്ടിലെ 30 (3) വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം, പ്രസ്തുത ആക്ടിലെ ഒന്നാം പട്ടികയിൽ (അനുബന്ധം–4) പരാമർശിച്ചിട്ടുള്ള സംഗതികളുമായി ബന്ധപ്പെട്ട സർക്കാരിന്റെ ചുമതലകളും സ്ഥാപനങ്ങളും പദ്ധതികളും സംസ്ഥാനത്തെ മുനിസിപ്പൽ കൗൺസിലുകൾക്കും മുനിസിപ്പൽ കോർപ്പറേഷനുകൾക്കും 1995 ഒക്ടോബർ 2–ാം തീയതി രാവിലെ മുതൽ പ്രാബല്യത്തിൽ വരത്തക്കവണ്ണം കൈമാററം ചെയ്തുകൊണ്ട് ഉത്തരവു പുറപ്പെടുവിക്കുന്നു.

3. മേൽപറഞ്ഞപ്രകാരം കൈമാററം ചെയ്യപ്പെടുന്ന സ്ഥാപനങ്ങളുടെ വിവരം അനുബന്ധം–5–ൽ ചേർത്തിട്ടുണ്ട്. സ്ഥാപനങ്ങളോടൊപ്പം അവയുടെ ആസ്തിബാദ്ധ്യതകളും വസ്തുവകകളും അവയിൽ അനുവദിക്കപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥൻമാരുടെ തസ്തികകളും ഉദ്യോഗസ്ഥൻമാരും അതതു തദ്ദേശസ്വയംഭരണ സ്ഥാപനത്തിലേക്ക് കൈമാററം ചെയ്യപ്പെടുന്നതാണ്.

4. കൈമാററം ചെയ്യപ്പെടുന്ന സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട തസ്തികകൾക്കുപുറമേ അനുബന്ധം–5–ൽ പറഞ്ഞിരിക്കുന്ന പ്രകാരമുള്ള മററു ചില തസ്തികകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് 1995 ഒക്ടോബർ 2–ാം തീയതിമുതൽ സർക്കാർ വകുപ്പുകളിൽനിന്ന് കൈമാററം ചെയ്യപ്പെടുന്നതാണ്.

5. ഓരോ സ്ഥാപനവും ഏത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലേക്ക് കൈമാററുന്നു എന്ന് വ്യക്തമാക്കിക്കൊണ്ടും കൈമാററം ചെയ്യപ്പെടുന്ന തസ്തികകൾ ഏത് സർക്കാർ ആഫീസിൽ നിന്ന് കൈമാറുന്നു എന്ന് കാണിച്ചുകൊണ്ടും അതത് വകുപ്പിന്റെ അദ്ധ്യക്ഷൻ 1995 സെപ്ററംബർ 30–ാം തീയതിക്കു മുമ്പ് ഉത്തരവു പുറപ്പെടുവിക്കേണ്ടതാണ്. അപ്രകാരം പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെ പകർപ്പുകൾ സെക്രട്ടേറിയററിലെ ബന്ധപ്പെട്ട ഭരണ നിർവ്വഹണ വകുപ്പിലേക്കും തദ്ദേശഭരണ വകുപ്പിലേക്കുംകൂടി അയയ്ക്കേണ്ടതാണ്.

6. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാററം ചെയ്യപ്പെടുന്ന തസ്തികകളിൽ അതതു സർക്കാർ വകുപ്പുകളിലെ ഉദ്യോഗസ്ഥൻമാർതന്നെ, മറിച്ചൊരുത്തരവ് ഉണ്ടാകുന്നതുവരെ തുടരേണ്ടതാണ്.

7. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഏല്പിച്ചുകൊടുത്തിട്ടുള്ള സർക്കാരിന്റെ അധികാരങ്ങളും ചുമതലകളും പദ്ധതികളും ഫലപ്രദമായി നിർവഹിക്കുന്നതിന് സർക്കാർ വകുപ്പുകൾ അവയ്ക്ക് ആഫീസ് സൗകര്യം ഉൾപ്പെടെയുള്ള ഭരണപരമായ എല്ലാ സൗകര്യങ്ങളും സാങ്കേതിക ഉപദേശങ്ങളും നല്കേണ്ടതാണ്.

8. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ ഉദ്യോഗസ്ഥൻമാരുടെ സേവനം വിട്ടുകൊടുക്കുന്നതിന്റെ നിബന്ധനകളും വ്യവസ്ഥകളും സംബന്ധിച്ചും പ്രസ്തുത സ്ഥാപനങ്ങൾക്ക് ആവശ്യമായ ധനസഹായം അനുവദിക്കുന്നത് സംബന്ധിച്ചും ഉള്ള ഉത്തരവുകൾ പിന്നാലെ പുറപ്പെടുവിക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ആർ. രാമചന്ദ്രൻ നായർ,

ചീഫ് സെക്രട്ടറി.

എല്ലാ വകുപ്പുമേധാവികൾക്കും, ആഫീസ് മേധാവികൾക്കും.

എല്ലാ ജില്ലാ കളക്ടർമാർക്കും.

മുനിസിപ്പൽ ഭരണ ഡയറക്ടർ/പഞ്ചായത്ത് ഡയറക്ടർ

എല്ലാ മുനിസിപ്പൽ/കോർപ്പറേഷൻ സെക്രട്ടറിമാർക്കും (മേയർ/ചെയർമാൻ മുഖേന).

എല്ലാ മുനിസിപ്പൽ സ്പെഷ്യൽ ആഫീസർമാർക്കും.

എല്ലാ ജില്ലാ പഞ്ചായത്ത് ആഫീസർമാർക്കും/പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും (പകർപ്പ് പഞ്ചായത്തുകൾക്കു നൽകണം).

അക്കൗണ്ടന്റ് ജനറൽ (ആഡിററ്/അക്കൗണ്ട്സ്).

ഡയറക്ടർ, ലോക്കൽ ഫണ്ട് അക്കൗണ്ട്സ്.

സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം.

ഡയറക്ടർ, പബ്ലിക് റിലേഷൻസ് (പ്രസ് റിലീസ്)

സെക്രട്ടറി, സംസ്ഥാന ധനകാര്യ കമ്മീഷൻ, യൂണിവേഴ്സിററി ആഫീസ് കോംപ്ലക്സ്, തിരുവനന്തപുരം.

എല്ലാ ഗവൺമെന്റ് സെക്രട്ടറിമാർക്കും, കമ്മീഷണർ-സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും.

സെക്രട്ടേറിയററിലെ എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും.

ധനവകുപ്പ്.

മുഖ്യമന്ത്രിയുടെയും മററു മന്ത്രിമാരുടെയും പ്രൈവററ് സെക്രട്ടറിമാർക്ക്.

പൊതുഭരണ (എസ്.സി.) വകുപ്പ് (ഐററം നമ്പർ 362 തീയതി 24-8-1995).

സ്പെഷ്യൽ ആഫീസർ, തദ്ദേശഭരണ വകുപ്പ്, സെക്രട്ടേറിയററ്.

തദ്ദേശഭരണ വകുപ്പിലെ എല്ലാ ആഫീസർമാർക്കും സെക്ഷനുകൾക്കും.

അനുബന്ധം 1

1994–ലെ കേരള പഞ്ചായത്ത്‌രാജ് ആക്ടിന്റെ മൂന്നാം പട്ടിക

ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലകൾ

1. പൊതുകുളങ്ങളുടെ സംരക്ഷണം.

2. ജലസേചനത്തിനോ, ശുദ്ധജലവിതരണത്തിനോ വേണ്ടിയുള്ള കുഴൽ കിണറുകളും കിണറുകളും കുഴിക്കലും സംരക്ഷണവും.

3. കേരള ജല അതോറിററി ഭാരമേൽപ്പിക്കുന്നതും അല്ലാതെയുള്ള ജലവിതരണ പദ്ധതികൾ നടപ്പാക്കൽ.

4. ഇപ്പോൾ ഗ്രാമപഞ്ചായത്തുകളുടെ കീഴിലുള്ളതും സർക്കാർ കൈമാററം ചെയ്തുകൊടുക്കുന്നതുമായ ഗ്രാമീണറോഡുകളുടെയും, ഈ റോഡുകൾക്കു വേണ്ടിയുള്ള പാലങ്ങളുടെയും കലുങ്കുകളുടെയും ഓടകളുടെയും സംരക്ഷണവും പുതിയ ഗ്രാമീണ റോഡുകളുടെ നിർമ്മാണം, സംരക്ഷണം എന്നിവയും.

5. പുതിയ റോഡുകൾക്കും നിലവിലുള്ള റോഡുകൾക്കും വീതി കൂട്ടുന്നതിനുവേണ്ടി ഭൂമി സ്വമേധയാ വിട്ടുകൊടുക്കുന്നതു സംഘടിപ്പിക്കൽ.

6. കടത്തുകൾ നടത്തുകയും അവയ്ക്ക് ലൈസൻസ് നൽകുകയും ചെയ്യൽ.

7. ജലമാർഗ്ഗങ്ങളും പൊതു കനാലുകളും സംരക്ഷിക്കൽ

8. തെരുവു വിളക്കുകൾ പ്രദാനംചെയ്യുകയും അവയുടെ സംരക്ഷണവും.

9. അനാരോഗ്യകരമായ പ്രദേശങ്ങൾ ഉദ്ധരിക്കുകയും പരിസരശുചിത്വം പരിപാലിക്കുകയും അതിനുവേണ്ടി ബോധവൽക്കരണം നടത്തുകയും ചെയ്യുക.

10. അലഞ്ഞുനടക്കുന്ന പട്ടികളെ നശിപ്പിക്കുക.

11. കൊതുക് നിയന്ത്രണം.

12. കശാപ്പുശാലകളുടെ നടത്തിപ്പ്.

13. മാംസം, മൽസ്യം, പെട്ടെന്ന് ചീത്തയാകുന്ന മററു ഭക്ഷ്യ ഇനങ്ങൾ എന്നിവയുടെ വിൽപ്പന നിയന്ത്രിക്കൽ.

14. ഭക്ഷ്യസ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകൽ.

15. അപകടകരവും അസഹ്യതയുണ്ടാക്കുന്നതുമായ വ്യാപാരങ്ങൾക്ക് ലൈസൻസ് നൽകൽ.

16. റോഡുകളും ഓടകളും മാർക്കററുകളും മററും വൃത്തിയാക്കുകയും ഖര രൂപത്തിലുള്ള വർജ്ജ്യ വസ്തുക്കൾ നീക്കം ചെയ്യലും.

17. “വാട്ടർടൈപ്പ് ക്ലോസററുകൾ” പ്രചരിപ്പിക്കുക.

18. ശവം അടക്കം ചെയ്യുന്നതിനും ദഹിപ്പിക്കുന്നതിനുമുള്ള പൊതുസ്ഥലങ്ങളും വൈദ്യുത ക്രിമറേറാറിയങ്ങളും ഉണ്ടാക്കുകയും സംരക്ഷിക്കുകയും വൃത്തിയായി സൂക്ഷിക്കുകയും ചെയ്യുക.

19. കന്നുകാലി പൗണ്ടുകൾ നടത്തുക.

20. അനാഥ പ്രേതങ്ങളും മൃഗങ്ങളുടെ ശവശരീരങ്ങളും മറവുചെയ്യുക.

21. പൊതുമാർക്കററുകൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ ബസ്സ്ററാൻഡുകൾ, പാർക്കുകൾ, റെസ്ററ് ഹൗസുകൾ മുതലായവ നടത്തുക.

22. ടാക്സികളും ഓട്ടോറിക്ഷകളും ഉൾപ്പെടെയുള്ള വാഹനങ്ങൾ പാർക്കുചെയ്യുവാനുള്ള സ്ഥലങ്ങൾ ഏർപ്പെടുത്തുക.

23. ബസ് കാത്ത് നിൽക്കുന്നതിനുള്ള ഷെഡ്ഡുകൾ ഏർപ്പെടുത്തുക.

24. പൊതു മൂത്രപ്പുരകളും കക്കൂസുകളും കുളിസ്ഥലങ്ങളും ഏർപ്പെടുത്തുക.

25. ജനനങ്ങളും മരണങ്ങളും വിവാഹങ്ങളും രജിസ്ററർ ചെയ്യുക.

26. വാർഷിക ബഡ്ജററ് തയ്യാറാക്കുക.

27. ചേരി പരിഷ്കരണ പദ്ധതികൾ നടപ്പിലാക്കുക.

28. അനധികൃത കെട്ടിട നിർമ്മാണവും ഭൂവിനിയോഗവും നിയന്ത്രിക്കുക.

29. നദികളിലും കുളങ്ങളിലും കുളിക്കടവുകൾ ഏർപ്പെടുത്തുകയും കന്നുകാലികളെ കുളിപ്പിക്കുന്നതിന് പ്രത്യേകം കടവുകൾ ഏർപ്പെടുത്തുക.

30. കനാലുകളിൽ ബോട്ടുകൾ പാർക്കുചെയ്യാനുള്ള സ്ഥലം ഏർപ്പെടുത്തുക.

31. മേളങ്ങളും ഉൽസവങ്ങളും നിയന്ത്രിക്കുക.

32. ദുർബല വിഭാഗങ്ങൾക്കായി നിയമസഹായ സമിതികൾ രൂപീകരിക്കുക.

## ഗ്രാമപഞ്ചായത്ത് വഹിക്കേണ്ടതായ മററു ചുമതലകൾ

1. <u>കൃഷി</u>

(എ) കൃഷി അഭിവൃദ്ധിപ്പെടുത്തലും മാതൃകാ കൃഷിക്കളങ്ങൾ സ്ഥാപിക്കലും.

(ബി) പച്ചക്കറി/തീററപ്പുൽകൃഷി, ഔഷധ സസ്യങ്ങൾ എന്നിവയുടെ കൃഷിയും അവയുടെ വിതരണവും മെച്ചപ്പെടുത്തൽ.

(സി) ധാന്യപ്പുര സ്ഥാപിക്കൽ.

(ഡി) ഗ്രാമപഞ്ചായത്തിന്റെ വകയോ അഥവാ അതിൽ നിക്ഷിപ്തമായിട്ടുള്ളതോ ആയ പാഴ്ഭൂമികളും തരിശുഭൂമികളും കൃഷി ചെയ്യലും ഭൂമിയുടെ ഏററവും പ്രയോജനകരമായ വിനിയോഗത്തെ പ്രോൽസാഹിപ്പിക്കലും.

(ഇ) വളം ലഭിക്കുന്നതായ സ്രോതസ്സുകളുടെ സംരക്ഷണം ഉറപ്പുവരുത്തുക; പച്ചിലവളം കൃഷി ചെയ്തുണ്ടാക്കുക; കൂട്ടുവളം നിർമ്മിക്കുകയും വളം വിൽപ്പന നടത്തുകയും ചെയ്യുക; ജൈവ വളത്തിന്റെ ഉപയോഗം പ്രോൽസാഹിപ്പിക്കുക.

(എഫ്) മെച്ചപ്പെട്ട ഇനം വിത്തുകളുടെയും തൈകളുടെയും നടീൽ വസ്തുക്കളുടെയും നഴ്സറികൾ സ്ഥാപിക്കുകയും പരിപാലിക്കുകയും ചെയ്യുക.

(ജി) പണിയായുധങ്ങൾ, സാമഗ്രികൾ, കീടനാശിനികൾ മുതലായവ നൽകൽ.

(എച്ച്) സഹകരണകൃഷിയും കൂട്ടുകൃഷിയും പ്രോൽസാഹിപ്പിക്കുക.

(ഐ) വിള പരീക്ഷണങ്ങൾ നടത്തുകയും വിള സംരക്ഷണ പദ്ധതികൾ ആരംഭിക്കുകയും ചെയ്യുക.

(ജെ) കർഷകരുടെ ക്ലബ്ബുകൾക്കും സമിതികൾക്കും പ്രോത്സാഹനം നൽകുക.

(കെ) ഭൂപരിഷ്കരണ പദ്ധതികൾ നടപ്പാക്കുന്നതിൽ സർക്കാരിനെ സഹായിക്കുക.

(എൽ) മണ്ണ് സംരക്ഷണ പദ്ധതികൾ നടപ്പിലാക്കുക.

(എം) ഉദ്യാനകൃഷി പ്രോൽസാഹിപ്പിക്കുക.

(എൻ) മേച്ചിൽ സ്ഥലങ്ങൾ വികസിപ്പിക്കുകയും പരിപാലിക്കുകയും ചെയ്യുക.

(ഒ) ഗുരുതരമായ കീടങ്ങൾക്കും രോഗങ്ങൾക്കും എതിരെ സസ്യങ്ങളെ സംരക്ഷിക്കുകയും കളകൾ നിർമാർജ്ജനം ചെയ്യുകയും ചെയ്യുക.

(പി) കാർഷിക പ്രദർശനങ്ങൾ നടത്തുക.

(ക്യൂ) കൃഷിഭവനുകളുടെ പൂർണ്ണമായ നിയന്ത്രണവും മേൽനോട്ടവും വഹിക്കുക.

(ആർ) ഭൂമി ഏററവും പ്രയോജനകരമായ വിധത്തിൽ ഉപയോഗിക്കുന്നതിനും ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുംവേണ്ടി വിള വികസന പരിപാടികൾ

(എസ്) രാസവളങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ

(ററി) ഭാഗികമായ യന്ത്രവൽക്കരണം ഏർപ്പെടുത്തൽ

(യു) വിത്തുൽപ്പാദനം പ്രോൽസാഹിപ്പിക്കൽ.

(വി) ഗ്രാമതലത്തിൽ മേളകളും, സെമിനാറുകളും, കർഷക ദിനവും, നിവേശപക്ഷാചരണം (ഇൻപുട്ട് ഫോർട്ട്നൈററ്) എന്നിവ നടത്തുക.

2. <u>മൃഗ സംരക്ഷണവും ക്ഷീരവികസനവും</u> (സർക്കാരിന്റെ മാർഗ്ഗ നിർദ്ദേശത്തിന് വിധേയമായി)

(എ) കന്നുകാലികളെയും കന്നുകാലി പ്രജനനവും കന്നുകാലികളുടെ പൊതുസംരക്ഷണവും അഭിവൃദ്ധിപ്പെടുത്തൽ.

(ബി) ക്ഷീരവികസനം പ്രോൽസാഹിപ്പിക്കുക.

(സി) സർക്കാർ വെററിനറി ഡിസ്പെൻസറികളുടെ നടത്തിപ്പ്.

(ഡി) കോഴിവളർത്തൽ, തേനീച്ചവളർത്തൽ, പന്നിവളർത്തൽ എന്നിവ അഭിവൃദ്ധിപ്പെടുത്തുക.

(ഇ) പുൽമേടുകളുടെ വികസനം.

(എഫ്) കന്നുകാലിപ്രദർശനങ്ങളും കോഴി പ്രദർശനങ്ങളും നടത്തുക.

(ജി) മൃഗങ്ങളോടുള്ള ക്രൂരത തടയുക.

(എച്ച്) കൃത്രിമ ഗർഭോൽപ്പാദന സൗകര്യങ്ങൾ ഏർപ്പാടാക്കുക.

(ഐ) മൃഗങ്ങളുടെ പൊതുവായ ആരോഗ്യം.

(ജെ) മൃഗചികിൽസ ഉൾപ്പെടെ മൃഗസംരക്ഷണം.

(കെ) മൃഗങ്ങളുടെ രോഗങ്ങൾ തടയുന്നതിനും നിർമ്മാർജ്ജനം ചെയ്യുന്നതിനും ബന്ധപ്പെട്ട അധികാരികളെ സഹായിക്കൽ.

3. <u>ചെറുകിട ജലസേചനം</u>

(എ) പഞ്ചായത്തിനുള്ളിൽ പ്രയോജനം ലഭിക്കുന്ന 5 ഹെക്ടറിൽ കൂടാതെയുള്ള ചെറുകിട ജലസേചന പദ്ധതികളുടെയും ലിഫ്ററ് ഇറിഗേഷൻ പദ്ധതികളുടെയും നിർമ്മാണവും പരിപാലനവും.

(ബി) ശുദ്ധജല വിതരണത്തിന് വേണ്ടിയുള്ള കുഴൽക്കിണറുകൾ കുഴിക്കലും സംരക്ഷണവും.

(സി) കമാൻഡ് ഏരിയാ വികസന അതോറിററി ഏൽപ്പിക്കുന്ന പണികൾ ഏർപ്പാടാക്കൽ.

(ഡി) ജലസേചനത്തിനായുള്ള ജലത്തിന്റെ മാനേജ്മെന്റും ശരിയായ ഉപയോഗവും.

(ഇ) കേരള വാട്ടർ അതോറിററി ചുമതലപ്പെടുത്തിയ ജല വിതരണ പദ്ധതികൾ നടപ്പാക്കലും അവയുടെ പരിപാലനവും.

(എഫ്) കർഷകരുടെ സഹകരണത്തോടെ പാടങ്ങളിൽ നീർച്ചാലുകളും ഫീൽഡ് ബൂത്തുകളും നിർമ്മിക്കുക.

4. <u>മൽസ്യബന്ധനം</u>

(എ) പൊതുജലാശയങ്ങൾ പാട്ടത്തിന് കൊടുത്തുകൊണ്ടും സംരംഭകരെ പ്രോൽസാഹിപ്പിച്ചുകൊണ്ടും മൽസ്യ വിതരണം നടത്തിക്കൊണ്ടും മററും ഉൾനാടൻ മൽസ്യബന്ധനം വികസിപ്പിക്കുക.

(ബി) പരമ്പരാഗതമായ ലാൻഡിംഗ് സെന്ററുകൾ (ഇറക്കു കേന്ദ്രങ്ങൾ) നടത്തിക്കൊണ്ടുപോകുകയും പരിപാലിക്കുകയും ചെയ്യുക.

(സി) മൽസ്യബന്ധന റോഡുകളും ഡിസ്പെൻസറികളും സ്ക്കൂളുകളും പരിപാലിക്കുകയും സൂക്ഷിക്കുകയും ചെയ്യുക.

(ഡി) സ്കോളർഷിപ്പുകളും, സ്റ്റൈപ്പന്റുകളും, ഗ്രാന്റുകളും, സൗജന്യമോ, സബ്സിഡിയോടുകൂടിയതോ, ആയ പുസ്തകങ്ങളും നൽകികൊണ്ട് മത്സ്യത്തൊഴിലാളികളുടെ വിദ്യാഭ്യാസ സൗകര്യങ്ങൾ വ്യാപിപ്പിക്കുക.

(ഇ) തീരദേശങ്ങളിൽ നഴ്സറി സ്ക്കൂളുകളും സാക്ഷരതാ പരിപാടികളും സംഘടിപ്പിക്കുക.

(എഫ്) മൽസ്യത്തൊഴിലാളികളുടെ ഉന്നമനത്തിനും വികസനത്തിനും വേണ്ടി ക്ഷേമപദ്ധതികൾ നടപ്പിലാക്കുക.

5. <u>സാമൂഹ്യ വനവൽക്കരണം</u> (സർക്കാരിന്റെ സാങ്കേതിക മാർഗ്ഗ നിർദ്ദേശത്തിനും മേൽനോട്ടത്തിനും വിധേയമായി)

(എ) മരങ്ങൾ നട്ടു പിടിപ്പിക്കുന്നതിനുള്ള പ്രചരണം സംഘടിപ്പിക്കൽ.

(ബി) ചോലമരങ്ങളും സാമൂഹ്യ വനവൽക്കരണ സ്ട്രിപ്പുകളും നട്ടുപിടിപ്പിക്കുകയും സംരക്ഷിക്കുകയും ചെയ്യൽ.

(സി) വിറകിനുള്ള വൃക്ഷങ്ങൾ വളർത്തുകയും വിറകു വിതരണം നടത്തുകയും ചെയ്യൽ.

(ഡി) കന്നുകാലിത്തീററയ്ക്കുള്ള സസ്യങ്ങളും സോഫ്ററ് വുഡ് മരങ്ങളും കൃഷി ചെയ്യുക.

(ഇ) വൃക്ഷത്തൈകൾ വളർത്തിയെടുക്കുന്നതിനുള്ള നഴ്സറികൾ നേരിട്ടും വിദ്യാഭ്യാസ സ്ഥാപനങ്ങളെയും സ്വമേധയാ പ്രവർത്തിക്കുന്ന ഏജൻസികളെയും സഹായിച്ചുകൊണ്ടും സ്ഥാപിക്കുക.

(എഫ്) പരിസ്ഥിതി സംബന്ധമായ ഘടകങ്ങളെ സംബന്ധിച്ച് ബോധവൽക്കരണം നടത്തുക.

6. <u>ചെറുകിട വ്യവസായങ്ങൾ</u>

(എ) ഒരു പ്രദേശത്തെ പരമ്പരാഗതമായുള്ള തൊഴിൽപരമായ കഴിവുകൾ തിരിച്ചറിയുകയും കുടിൽ വ്യവസായങ്ങൾ വികസിപ്പിക്കുകയും ചെയ്യുക.

(ബി) ചെറുകിട വ്യവസായങ്ങൾക്കും പണ്ടകശാലകൾക്കും ലൈസൻസ് നൽകുക.

(സി) കൈത്തൊഴിൽ ചെയ്യുന്നവർക്കും കരകൗശലപ്പണിയിൽ ഏർപ്പെട്ടിരിക്കുന്നവർക്കും പരിശീലനം നൽകാനുള്ള പരിപാടികൾ സംഘടിപ്പിക്കുക.

(ഡി) പട്ടുനൂൽപ്പുഴു വളർത്തൽ പ്രോൽസാഹിപ്പിക്കുക.

(ഇ) ചെറുകിട വ്യാവസായിക എസ്റേററുകൾ സ്ഥാപിക്കുകയും നോക്കി നടത്തുകയും ചെയ്യുക.

(എഫ്) അസംസ്കൃത സാധനങ്ങളുടെ പ്രാദേശിക വികസനത്തെ സഹായിക്കുക.

(ജി) ഗ്രാമവ്യവസായങ്ങൾക്കും അവയുടെ ഉല്പന്നങ്ങൾക്കും സമൂഹത്തിൽ താൽപ്പര്യം ജനിപ്പിക്കുക.

(എച്ച്) ചെറുകിട വ്യവസായത്തിനുള്ള സാമ്പത്തിക സഹായ വിതരണം സ്വയംതൊഴിൽ കണ്ടെത്തൽ പദ്ധതികൾക്ക് സഹായം നൽകൽ കൈത്തറി കരകൗശല വ്യവസായങ്ങളുടെ വികസനം.

7. <u>ഭവന നിർമ്മാണം</u>

(എ) ഭവനരഹിതരായ കുടുംബങ്ങളേയും പുറമ്പോക്കിൽ താമസിക്കുന്നവരേയും തിരിച്ചറിയുക.

(ബി) ഗ്രാമീണ ഭവനനിർമ്മാണ പദ്ധതികൾ നടപ്പിലാക്കുക.

(സി) ഗ്രാമീണ ഭവനനിർമ്മാണത്തിനുള്ള സ്ഥലങ്ങൾ ഏറെറടുക്കുകയും അവ ഭവനരഹിതർക്ക് വിതരണം നടത്തുകയും ചെയ്യുക.

(ഡി) ചെലവു കുറഞ്ഞ ഭവനനിർമ്മാണത്തിനും കെട്ടിടനിർമ്മാണ സാമഗ്രികൾക്കും പ്രചാരം നൽകുക.

(ഇ) ഷെൽട്ടർ അപ്ഗ്രഡേഷൻ പദ്ധതികൾ നടപ്പിലാക്കുക.

(എഫ്) ഹൗസിങ്ങ് കോളനികളിൽ പൊതുസൗകര്യങ്ങൾ ഏർപ്പെടുത്തുക.

8. <u>വൈദ്യുതിയും പാരമ്പര്യേതര ഊർജ്ജവും</u>

(എ) ഗ്രാമീണ വൈദ്യുതീകരണം ഉൾപ്പെടെ കേരള സംസ്ഥാന വൈദ്യുതിബോർഡ് നടത്തേണ്ടതായ വൈദ്യുതീകരണ ജോലികൾ തിരിച്ചറിയുക.

(ബി) ബയോഗ്യാസ് പ്ലാന്റ് ഉൾപ്പെടെയുള്ള പാരമ്പര്യേതര ഊർജ്ജം പ്രചാരത്തിലാക്കുക.

(സി) ഊർജ്ജം ലാഭിക്കുന്നതിനുള്ള ഉപായങ്ങൾക്ക് പ്രോൽസാഹനം നൽകുകയും അവ പ്രചരിപ്പിക്കുകയും ചെയ്യുക.

9. <u>ദാരിദ്ര്യ നിർമ്മാർജ്ജനവും ഗ്രാമീണവികസന പരിപാടികളും</u>

(എ) ദാരിദ്ര്യനിർമ്മാർജ്ജന പരിപാടികളെക്കുറിച്ച് പൊതുജന ബോധവൽക്ക രണവും പങ്കാളിത്തവും പ്രോൽസാഹിപ്പിക്കുക.

(ബി) ദാരിദ്ര്യനിർമ്മാർജ്ജന പരിപാടികളുടെ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുക

(സി) ജെ.ആർ.വൈ. പദ്ധതിയുടേയും മററു പദ്ധതികളുടേയും കീഴിൽ പ്രത്യേകം പറഞ്ഞിട്ടുള്ള പരിപാടികൾ കേന്ദ്ര സർക്കാരിന്റെ നിബന്ധനകൾക്ക് വിധേയമായി.

(ഡി) മഹിളാ സമാജങ്ങളെ പ്രോൽസാഹിപ്പിക്കുക.

(ഇ) തരിശുഭൂമി വികസന പദ്ധതികൾ നടപ്പാക്കുക.

10. <u>വിദ്യാഭ്യാസം</u>

(എ) ഗ്രാമപഞ്ചായത്തുകളിലുള്ള എൽ. പി. സ്ക്കൂളുകളുടെ നിയന്ത്രണം.

(ബി) സർക്കാർ സ്ക്കൂൾ കെട്ടിടങ്ങൾ നിർമ്മിക്കുകയും അററകുററപ്പണികൾ നടത്തുകയും ചെയ്യുക.

(സി) സ്ക്കൂൾ കുട്ടികൾക്ക് ഉച്ചഭക്ഷണം നൽകുക.

(ഡി) പ്രീ–പ്രൈമറി സ്ക്കൂളുകളും വ്യാവസായിക പരിശീലന കേന്ദ്രങ്ങളും ഉൾപ്പെടെ ഗ്രാമപഞ്ചായത്ത് ഏർപ്പെടുത്തിയ സ്ക്കൂളുകൾ നടത്തുക.

(ഇ) വിദ്യാർത്ഥികൾക്ക് സ്ക്കോളർഷിപ്പുകളും ഗ്രാന്റുകളും വിതരണം ചെയ്യുക.

(എഫ്) അനൗപചാരിക വിദ്യാഭ്യാസവും വയോജന വിദ്യാഭ്യാസവും മററു സാക്ഷരതാ പരിപാടികളും നടപ്പിലാക്കുക.

(ജി) ഗ്രാമീണ വായനശാലകളുടെ നിയന്ത്രണവും മേൽനോട്ടവും.

(എച്ച്) ഗ്രന്ഥശാല സ്ഥാപിക്കുകയും ആ പ്രസ്ഥാനത്തെ പ്രോൽസാഹിപ്പിക്കുകയും ചെയ്യുക.

(ഐ) നിലത്തെഴുത്ത് ആശാൻമാർക്ക് ഗ്രാന്റുകൾ നൽകുക.

(ജെ) സ്ക്കൂളുകളിൽ കായികാദ്ധ്യാന സംസ്ക്കാരം അവതരിപ്പിക്കുകയും

പ്രോൽസാഹിപ്പിക്കുകയും ചെയ്യുക.

(കെ) ഗ്രാമീണ തൊഴിലധിഷ്ഠിത പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുക.

11. <u>സാംസ്ക്കാരിക കാര്യങ്ങളും പൈതൃകവും</u>

(എ) സാമൂഹ്യ–സാംസ്ക്കാരിക പ്രവർത്തനങ്ങൾ പ്രോൽസാഹിപ്പിക്കുക.

(ബി) കമ്മ്യൂണിററി ഹാളുകളും ഓപ്പൺ എയർ തീയേറററുകളും നിർമ്മിക്കുകയും പരിപാലിക്കുകയും ചെയ്യുക.

(സി) സ്ക്കൂൾ യുവജനോൽസവങ്ങൾക്കും മററു തദ്ദേശീയ ഉൽസവങ്ങൾക്കും സഹായം നൽകുക.

(ഡി) പ്രശസ്ത വ്യക്തികൾക്കും ചരിത്ര പ്രസിദ്ധർക്കും സ്മാരകങ്ങൾ ഉണ്ടാക്കുന്നതിനും അതിന്റെ നടത്തിപ്പിനും സഹായം നൽകുക.

12. <u>പൊതുജനാരോഗ്യവും ശുചീകരണവും</u>

(എ) ഗ്രാമപ്രദേശങ്ങളിൽ സർക്കാർ ഡിസ്പെൻസറികളുടെയും കമ്മ്യൂണിററി ഹെൽത്ത് സെന്ററുകളുടെയും (ആയുർവേദ, ഹോമിയോ ഡിസ്പെൻസറികളുൾപ്പെ ടെ) നടത്തിപ്പും നിയന്ത്രണവും.

(ബി) ഗ്രാമപഞ്ചായത്തുതലത്തിലുള്ള എല്ലാ വിധ ഡിസ്പെൻസറികളുടേയും ആശുപത്രികളുടേയും നിയന്ത്രണവും മേൽനോട്ടവും.

(സി) പൊതുജനാരോഗ്യം സംരക്ഷിക്കലും മെച്ചപ്പെടുത്തലും.

(ഡി) മാതൃ–ശിശുക്ഷേമ കേന്ദ്രങ്ങളുടെ നടത്തിപ്പും നിയന്ത്രണവും.

(ഇ) സാംക്രമിക രോഗങ്ങൾക്കെതിരെ വാക്സിനേഷൻ ഉൾപ്പെടെയുള്ള ആരോഗ്യസംബന്ധമായ വിദ്യാഭ്യാസവും രോഗപ്രതിരോധ നടപടികളും.

(എഫ്) മയക്കുമരുന്നുകൾ ഉപയോഗിക്കുന്നതിനും മദ്യപാനത്തിനും പുകവലിക്കും എതിരായി പ്രചരണം നടത്തുകയും ബോധവൽക്കരണ പരിപാടികൾ നടത്തുകയും ചെയ്യുക.

(ജി) ഭക്ഷ്യവസ്തുക്കളിൽ മായം ചേർക്കുന്നതിനെതിരായി പ്രചരണവും ബോധവൽക്കരണവും നടത്തുക.

(എച്ച്) സ്വമേധയായുള്ള രക്തദാനവും നേത്രദാനവും പ്രോൽസാഹിപ്പിക്കുകയും ബോധവൽക്കരണ ക്യാമ്പുകൾ നടത്തുകയും ചെയ്യുക.

(ഐ) ഗ്രാമീണ വൈദ്യൻമാർക്ക് ഗ്രാന്റ് നൽകുക.

13. സാമൂഹ്യക്ഷേമം

(എ) പ്രീ–സ്ക്കൂൾ കുട്ടികൾക്കും ഭക്ഷണം നൽകുന്നതിനുള്ള പരിപാടികൾ നടപ്പിലാക്കുക.

(ബി) ശിശുക്ഷേമ പദ്ധതികൾ നടപ്പിലാക്കുക.

(സി) പഞ്ചായത്തു തലത്തിലുള്ള അംഗനവാടികളുടെ നിയന്ത്രണവും മേൽനോട്ടവും.

(ഡി) അംഗൻവാടി കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുകയും അവയ്ക്കു മേൽനോട്ടം വഹിക്കുകയും ചെയ്യുക.

(ഇ) അംഗൻവാടി കേന്ദ്രങ്ങൾക്ക് കെട്ടിടങ്ങൾ നിർമ്മിക്കുക.

(എഫ്) അന്ധവിശ്വാസങ്ങൾക്കും, ജാതിചിന്തയ്ക്കും അയിത്താചരണത്തിനുമെതിരായി പ്രചരണം നടത്തുക.

(ജി) കള്ളക്കടത്തിനും കരിഞ്ചന്തയ്ക്കും പൂഴ്ത്തിവയ്പ്പിനും നികുതിവെട്ടിപ്പിനും മററു സാമൂഹ്യ വിപത്തുകൾക്കുമെതിരായി പ്രചരണം നടത്തുക.

(എച്ച്) അഗതി, വിധവ, വാർദ്ധക്യകാല പെൻഷൻ, വിധവകളുടെ (പാവപ്പെട്ട) പെൺമക്കളെ വിവാഹം ചെയ്തു കൊടുക്കുന്നതിനുള്ള ധനസഹായം നൽകൽ, കർഷക തൊഴിലാളി പെൻഷൻ, തൊഴിലില്ലായ്മ വേതനം എന്നിവയ്ക്കുള്ള അപേക്ഷ സ്വീകരിച്ച് അന്വേഷണം നടത്തി ശുപാർശ ചെയ്യാവുന്നതാണ്.

14. <u>പട്ടികജാതി–പട്ടികവർഗ്ഗക്ഷേമം</u>

(എ) പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കുമായി വയോജന വിദ്യാഭ്യാസ പരിപാടികൾ നടപ്പിലാക്കുക.

(ബി) പട്ടികജാതി–പട്ടികവർഗ്ഗക്കാർക്ക് ഓലമേയുന്നതിനും ധനസഹായം നൽകുക.

(സി) പട്ടികജാതിക്കാരുടേയും പട്ടികവർഗ്ഗക്കാരുടേയും കോളനികളിൽ കിണറുകളും പൊതുജല ടാപ്പുകളും തെരുവുവിളക്കുകളും ഏർപ്പെടുത്തുക.

(ഡി) പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കും വിവാഹം, വൈദ്യ ചികിൽസ, ഉപരിപഠനം ഇന്റർവ്യൂവിന് പോകുന്നതിനുള്ള യാത്രാബത്ത എന്നിവയ്ക്ക് സഹായധന നൽകുക.

(ഇ) പട്ടികജാതി–പട്ടികവർഗ്ഗക്കാർക്ക് കോളനി രൂപീകരണ പദ്ധതികൾ നടപ്പിലാക്കുക.

(എഫ്) പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് വിവേചനാധിഷ്ഠിത (ഡിസ്ക്രീഷനറി) ഗ്രാന്റുകൾ നൽകുക.

(ജി) വൃത്തിഹീനമായ തൊഴിലിലേർപ്പെട്ടിരിക്കുന്നവരുടെ കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുക.

(എച്ച്) പട്ടികജാതി–പട്ടികവർഗ്ഗ വിഭാഗക്കാർക്ക് തൊഴിൽ സംരംഭങ്ങൾ സൃഷ്ടിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് സഹായിക്കുകയും മാർഗ്ഗനിർദ്ദേശങ്ങൾ കൊടുക്കുകയും ചെയ്യുക.

(ഐ) പട്ടികജാതി–പട്ടികവർഗ്ഗ വിഭാഗത്തിലുള്ള കുട്ടികളുടെ ക്ഷേമ പരിപാടികൾ ആരംഭിക്കുക.

15. <u>പൊതുവിതരണ സമ്പ്രദായം</u>

(എ) പൊതുവിതരണ സമ്പ്രദായത്തിനെതിരെയുള്ള പരാതികൾ പരിശോധിക്കുകയും പരിഹാരനടപടികൾ സ്വീകരിക്കുകയും ചെയ്യുക.

(ബി) അളവും തൂക്കവും സംബന്ധിച്ച കുററങ്ങൾക്കെതിരെ പ്രചരണം സംഘടിപ്പിക്കുക.

(സി) റേഷൻകടകളുടേയും മാവേലി സ്റേറാറുകളുടേയും പൊതു മേൽനോട്ടം വഹിക്കുകയും മാർഗ്ഗനിർദ്ദേശം നൽകുകയും ആവശ്യമെങ്കിൽ പുതിയ പൊതു വിതരണ കേന്ദ്രങ്ങൾ ആരംഭിക്കുകയും ചെയ്യുക.

16. <u>പൊതുമരാമത്ത്</u>

പഞ്ചായത്ത് അതിർത്തിക്കുള്ളിലെ റോഡുകളുടെ മേൽനോട്ടവും അററകുററപ്പണികളും.

17. <u>സാമാന്യം</u>

(എ) സ്റേറഡിയവും കളിസ്ഥലങ്ങളും നിർമ്മിക്കുകയും പരിപാലിക്കുകയും കായികവിനോദങ്ങളും കളികളും പ്രോൽസാഹിപ്പിക്കുകയും ഇവയിൽ പരിശീലനം നൽകുകയും ചെയ്യുക;

(ബി) പ്രകൃതിക്ഷോഭത്താൽ കഷ്ടതയനുഭവിക്കുന്ന ആളുകൾക്ക് സൗജന്യ ആശ്വാസ നടപടികൾ ഏർപ്പാടുചെയ്യുക;

(സി) പ്രദേശത്തിന്റെ വികസനത്തിനുവേണ്ടി വാർഷിക–ദീർഘകാല പദ്ധതികൾ തയ്യാറാക്കുക;

(ഡി) സാമൂഹ്യ വികസന പരിപാടികൾക്കായി ശ്രമദാനം സംഘടിപ്പിക്കുക;

(ഇ) തീപിടിത്ത സുരക്ഷിതത്വ സംവിധാനങ്ങളെ സംബന്ധിച്ച് പ്രചരണം നടത്തുകയും തീപിടുത്തമുണ്ടാകുന്നത് നിയന്ത്രിക്കുന്നതിനായി ധനസഹായം നൽകുക, പ്രഥമ ശുശ്രൂഷ, പരിശീലനം, വാഹന അപകടങ്ങൾക്കെതിരെ ബോധവൽക്കരണം, ട്രാഫിക് നിയമങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണം, നിയമസഹായം ലഭ്യമാക്കൽ, പൗരബോധം വളർത്തുക തുടങ്ങിയവ;

(എഫ്) ദേശീയ സമ്പാദ്യ പരിപാടികളിൽ പങ്കെടുക്കുക, സമ്പാദ്യശീലം വളർത്തുക, മിതവ്യയശീലം വളർത്തുക.

(ജി) ആംബുലൻസ് സർവ്വീസ് നടത്തുക.

## അനുബന്ധം 2

## 1994-ലെ കേരള പഞ്ചായത്ത്‌രാജ് ആക്ടിന്റെ നാലാം പട്ടിക

ബ്ലോക്കു പഞ്ചായത്തുകൾ നിർവ്വഹിക്കേണ്ട ചുമതലകൾ

1. കൃഷി

ഗ്രാമതലത്തിൽ കൃഷിവികസനത്തിനും വിപുലീകരണ പദ്ധതികൾക്കും സാങ്കേതിക മാർഗ്ഗനിർദ്ദേശം നൽകുകയും മേൽനോട്ടം വഹിക്കുകയും ചെയ്യുക.

2. ചെറുകിട വ്യവസായങ്ങൾ

(എ) ചെറുകിട വ്യവസായങ്ങൾക്ക് വായ്പകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

(ബി) ചെറുകിട വ്യവസായ വികസനത്തിനുവേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പാട് ചെയ്യുക.

(സി) ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുവാനുള്ള സാങ്കേതിക ഉപദേശങ്ങളും സൗകര്യങ്ങളും ലഭ്യമാക്കുക.

(ഡി) സംയോജിത കൗൺസിലിംഗും ക്ലിയറൻസ് സർവ്വീസുകളും ഏർപ്പെടുത്തിക്കൊണ്ട് കുടിൽ-സഹകരണ-സ്വകാര്യ ചെറുകിട വ്യവസായങ്ങളെ പ്രോൽസാഹിപ്പിക്കുക.

3. ദാരിദ്ര്യ നിർമ്മാർജ്ജനവും ഗ്രാമവികസന പദ്ധതികളും

(എ) സംയോജിത ഗ്രാമവികസന പരിപാടികൾ നടപ്പിലാക്കുക.

(ബി) ഗ്രാമീണ തൊഴിൽ പരിപാടികൾ നടപ്പിലാക്കുക.

(സി) ജവഹർ റോസ്ഗർ യോജനയുടേയും മററു പദ്ധതികളുടേയും കീഴിൽ പ്രത്യേകം പറഞ്ഞിട്ടുള്ള പരിപാടികൾ നടപ്പിലാക്കുക.

(ഡി) ബ്ലോക്ക് ഇൻഫർമേഷൻ കേന്ദ്രങ്ങൾ ശക്തിപ്പെടുത്തുക.

4. <u>പൊതുജനാരോഗ്യം</u>

(എ) പ്രൈമിറി ഹെൽത്ത് സെന്ററുകളുടെയും താലൂക്ക് ആശുപത്രികളുടെയും പൂർണ്ണമായ നടത്തിപ്പും നിയന്ത്രണവും ഏറെറടുക്കുക.

(ബി) സാംക്രമിക രോഗങ്ങൾ തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

(സി) കുട്ടികളുടെയും സ്ത്രീകളുടെയും ആരോഗ്യപരിപാലനത്തിനുവേണ്ട ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക.

(ഡി) അംഗവൈകല്യം സംഭവിച്ചിട്ടുള്ളവർക്കും അന്ധൻമാർക്കും ബധിരൻമാർക്കും വേണ്ടി അഭയ കേന്ദ്രങ്ങൾ സ്ഥാപിക്കുക.

(ഇ) ആരോഗ്യ ബോധവൽക്കരണ ക്യാമ്പുകളും മെഡിക്കൽ ക്യാമ്പുകളും സംഘടിപ്പിക്കുക.

(എഫ്) ഗ്രാമപ്രദേശങ്ങളിലുള്ള പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളുടെ മേൽനോട്ടം വഹിക്കുക.

5. <u>സാമൂഹ്യക്ഷേമം</u>

(എ) മിശ്രവിവാഹിതർക്ക് സാമ്പത്തിക സഹായം നൽകുക.

(ബി) അംഗവൈകല്യമുള്ള കുട്ടികൾക്കായുള്ള കെയർ ഹോമുകളുടേയും

ശിശുവിഹാരങ്ങളുടേയും അബലാമന്ദിരങ്ങളുടേയും, അംഗവൈകല്യം വന്നവർക്കും വയോജനങ്ങൾക്കുമായുള്ള ഭവനങ്ങളുടേയും, കസ്റേറാഡിയൽ കെയർ ഹോമുകളുടേയും, ദുർബലവിഭാഗങ്ങളിൽപ്പെട്ട കുട്ടികൾക്കുവേണ്ടിയുള്ള ഡേ കെയർ കേന്ദ്രങ്ങളുടേയും, അഗതിമന്ദിരങ്ങളുടേയും യാചക മന്ദിരങ്ങളുടേയും നടത്തിപ്പ്.

(സി) വൃദ്ധസദനങ്ങൾ ആരംഭിക്കുക

6. <u>പട്ടികജാതി-പട്ടികവർഗ്ഗക്ഷേമം</u>

(എ) പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കും ഭവന നിർമ്മാണത്തിന് ധനസഹായം നൽക്കുക.

(ബി) പട്ടികജാതിക്കാരുടേയും പട്ടികവർഗ്ഗക്കാരുടേയും ഇടയിലുള്ള ഭൂരഹിതരേയും ഭവനരഹിതരേയും പുനരധിവസിപ്പിക്കുക.

(സി) പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കും ഭവന നിർമ്മാണ സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.

(ഡി) സംയോജിത വാസസ്ഥല വികസന പരിപാടി നടപ്പിലാക്കുക.

(ഇ) പട്ടികജാതി-പട്ടികവർഗ്ഗ വ്യവസായ സഹകരണ സംഘങ്ങൾ സ്ഥാപിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ കൊടുക്കുക.

(എഫ്) പട്ടികജാതി-പട്ടികവർഗ്ഗ കോളനികളുടെ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പാടു ചെയ്യുക.

(ജി) കോളനി വാസികൾക്കുള്ള ആരോഗ്യ പദ്ധതികൾ നടപ്പിലാക്കുക.

7. <u>പൊതുവിതരണ സമ്പ്രദായം</u>

റേഷൻ കടകൾ പരിശോധിച്ച് ക്രമക്കേടുകൾ കണ്ടുപിടിക്കുകയും അവശ്യ സാധനങ്ങൾ പൂഴ്ത്തിവയ്ക്കുന്നതിനെതിരായി നടപടിയെടുക്കുകയും ചെയ്യുക.

8. <u>സാമാന്യം</u>

(എ) പ്രദേശത്തിന്റെ വികസനത്തിനായി വാർഷിക പദ്ധതികളും ദീർഘകാല പദ്ധതികളും തയ്യാറാക്കുക.

(ബി) വാർഷിക ബഡ്ജററ് തയ്യാറാക്കുക.

## <u>അനുബന്ധം 3</u>

## <u>1994-ലെ കേരള പഞ്ചായത്ത്‌രാജ് ആക്ടിന്റെ അഞ്ചാം പട്ടിക</u>

ജില്ലാ പഞ്ചായത്തുകൾ നിർവ്വഹിക്കേണ്ട ചുമതലകൾ

1. <u>കൃഷി</u> (സർക്കാരിന്റെ മേൽനോട്ടത്തിനും മാർഗ്ഗനിർദ്ദേശത്തിനും വിധേയമായി)

(എ) ജില്ലാ കൃഷിഫാമുകളും വിത്തു ഫാമുകളും നിർമ്മിക്കുകയും പരിപാലിക്കുകയും ചെയ്യുക.

(ബി) കീടനാശിനികൾ, പമ്പുസെററുകൾ, ഉപകരണങ്ങൾ, മെച്ചപ്പെട്ട വിത്തുകൾ എന്നിവ വാങ്ങുന്നതിനും വിൽക്കുന്നതിനും ഏർപ്പാട് ചെയ്യുക.

(സി) മണ്ണുപരിശോധനയും വിവരങ്ങൾ സമാഹരിക്കലും, മണ്ണു പരിശോധനാ ക്ലിനിക്കുകളുടെ ചുമതലയും.

(ഡി) കർഷകർക്ക് പരിശീലനം നൽകുക.

(ഇ) കാർഷിക സഹകരണസംഘങ്ങളെ ഉൽപ്പാദനത്തിലും വിപണനത്തിലും പ്രോൽസാഹിപ്പിക്കുക.

(എഫ്) കാർഷിക സബ്സിഡിയുടെ വിതരണം.

(ജി) താലൂക്കുകളിലേയും ജില്ലയിലേയും കൃഷി ഉപദേശക സമിതികളുടെ പ്രവർത്തനത്തിന്റെ ചുമതല.

(എച്ച്) മണ്ണു സംരക്ഷണ പരിപാടികൾ.

2. <u>മൃഗസംരക്ഷണവും ക്ഷീരവികസനവും</u> (സർക്കാരിന്റെ മേൽനോട്ടത്തിനും മാർഗ്ഗനിർദ്ദേശത്തിനും വിധേയമായി)

(എ) സർക്കാർ വിട്ടുകൊടുത്ത മൃഗാശുപത്രികളുടേയും വെററിനറി പോളി ക്ലിനിക്കുകളുടെയും ക്ലിനിക്കൽ ലബോറട്ടറികളുടെയും നടത്തിപ്പ്.

(ബി) ഡയറി എക്സ്റെറൻഷൻ സർവ്വീസ് യൂണിററുകളുടെ നടത്തിപ്പ്.

(സി) കന്നുകാലിത്തീററ യൂണിററുകൾ സ്ഥാപിക്കൽ.

(ഡി) ക്ഷീരസഹകരണ സംഘങ്ങളെ പ്രോൽസാഹിപ്പിക്കുക.

(ഇ) ബ്രീഡിംഗ് ഫാമുകളുടെ നടത്തിപ്പും മെച്ചപ്പെട്ട ഇനത്തിലുള്ള മൃഗങ്ങളേയും കോഴികളേയും വിതരണം ചെയ്യലും.

3. <u>ജലസേചനം</u>

മുഴുവൻ കമാന്റ് ഏരിയായും ജില്ലായ്ക്കുള്ളിലാണെങ്കിൽ അഞ്ച് ഹെക്ടറിന് മുകളിൽ പതിനഞ്ച് ഹെക്ടറുകൾക്ക് താഴെവരെ പ്രയോജനം ചെയ്യുന്ന ചെറുകിട ജലസേചന പദ്ധതികളും ലിഫ്ററ് ഇറിഗേഷൻ പദ്ധതികളും നിർമ്മിക്കുകയും പരിപാലിക്കുകയും ചെയ്യൽ.

4. മൽസ്യബന്ധനം

(എ) മൽസ്യഫെഡ് ചുമതലപ്പെടുത്തുന്ന പ്രകാരമുള്ള മൽസ്യത്തൊഴിലാളി ക്ഷേമപദ്ധതികൾ നടപ്പിലാക്കൽ.

(ബി) മൽസ്യത്തൊഴിലാളികൾക്ക് ഹൗസിംഗ് കോളനികൾ സ്ഥാപിക്കൽ.

(സി) മൽസ്യ വിപണന സഹകരണ സംഘങ്ങളെ പ്രോൽസാഹിപ്പിക്കൽ.

(ഡി) മൽസ്യക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിച്ച് വിതരണം നടത്തുക.

5. ചെറുകിട വ്യവസായങ്ങൾ

(എ) ചെറുകിട-കുടിൽ വ്യവസായങ്ങളിൽ നിന്നുള്ള ഉൽപ്പന്നങ്ങളുടെ വിപണനം പ്രോൽസാഹിപ്പിക്കുക.

(ബി) വ്യാവസായിക സംരംഭകത്വ വികസനം.

(സി) ഖാദി–കൈത്തറി നെയ്ത്തു തൊഴിലാളികൾക്കും കരകൗശല തൊഴിലാളികൾക്കും കൈത്തൊഴിലിലേർപ്പെട്ടിരിക്കുന്നവർക്കും പരിശീലന പരിപാടികൾ സംഘടിപ്പിക്കൽ.

(ഡി) അതാത് ജില്ലാ പഞ്ചായത്തുകൾക്ക് അനുസൃതമായ ചെറുകിട വ്യവസായ പദ്ധതികൾ ആരംഭിക്കുന്നതു സംബന്ധിച്ച ബോധവൽക്കരണവും പരിശീലനവും.

6. ഭവന നിർമ്മാണം

(എ) പൊതു ഹൗസിംഗ് കോളനികൾ അല്ലാത്ത ഹൗസിംഗ് കോളനികളുടെയും ഫ്ളാററുകളുടെയും രാജീവ് ദശലക്ഷം ഭവന നിർമ്മാണ പദ്ധതി പ്രകാരമുള്ള ഭവനങ്ങളുടെയും നിർമ്മാണവും അങ്ങനെ നിർമ്മിച്ച ഭവനങ്ങളുടെ വിതരണവും.

(ബി) ഭവന നിർമ്മാണത്തിനുള്ള സ്ഥലങ്ങളുടെ വികസനവും അവയുടെ വിതരണവും.

(സി) ഭവന നിർമ്മാണ സഹകരണ സംഘങ്ങളെ പ്രോൽസാഹിപ്പിക്കൽ.

(ഡി) സംസ്ഥാന സർക്കാരും കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡും ഭരമേൽപ്പിക്കുന്ന പദ്ധതികൾ നടപ്പിലാക്കൽ.

(ഇ) ചെറുകിട ഇടത്തരം ഭവനനിർമ്മാണത്തിനാവശ്യമായ വാസസ്ഥലങ്ങൾ കണ്ടെത്തൽ.

7. <u>ജലവിതരണം</u>

(എ) കേരള വാട്ടർ അതോറിററി ചുമതലപ്പെടുത്തിയ ജലവിതരണ പദ്ധതികൾ നടപ്പിലാക്കലും അവയുടെ പരിപാലനവും.

(ബി) വരൾച്ചക്കാലത്തുള്ള കുടിവെള്ളവിതരണം.

8. <u>പൊതുമരാമത്ത്</u>

(എ) സർക്കാർ വിട്ടുകൊടുത്ത റോഡുകളുടെയും അവയിലെ പാലങ്ങളുടെയും നിർമ്മാണവും അററകുററപ്പണികളും.

(ബി) ഗ്രാമപഞ്ചായത്തുകളെ ഭരമേൽപ്പിച്ചതല്ലാത്ത കടത്തുകൾക്ക് ലൈസൻസ് നൽകൽ.

(സി) പൊതു കനാലുകളുടെ ഉപശാഖകളുടെ നിർമ്മാണവും അററകുററപ്പ ണികളും.

(ഡി) ഗ്രാമപഞ്ചായത്തുകളുടെയും ജില്ലാ ബ്ലോക്ക് പഞ്ചായത്തുകളുടെയും ജില്ലാ പഞ്ചായത്തുകളുടെയും പണികളുടെ സാങ്കേതിക മേൽനോട്ടം.

1. ബ്ലോക്ക് തലങ്ങളിലേയും വില്ലേജ് തലങ്ങളിലേയും റോഡുകളുടെ അററകുററ പണികളും മേൽനോട്ടവും.

2. ത്രിതല പഞ്ചായത്തുകളുമായി ആലോചിച്ച് സർക്കാർ വിട്ടുകൊടുക്കുന്ന പി. ഡബ്ലിയൂ. ഡി. റോഡുകളുടെ നിയന്ത്രണവും സംരക്ഷണവും.

9. <u>വൈദ്യുതിയും പാരമ്പര്യേതര ഊർജ്ജവും</u>

മൈക്രോ പവർ പ്രോജക്ടുകൾ സ്ഥാപിക്കലും അവയിൽനിന്നു ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിയുടെ വിതരണവും.

10. <u>ദാരിദ്ര്യ നിർമ്മാർജ്ജനവും ഗ്രാമവികസന പരിപാടികളും</u>

(എ) തരിശുഭൂമി വികസനപദ്ധതി മേൽനോട്ടം.

(ബി) ജില്ലയിലെ എല്ലാ ദാരിദ്ര്യ നിർമ്മാർജ്ജന–വികസന പരിപാടികളുടെയും ജില്ലാതല പ്ലാനിംഗും മേണിററിംഗും ഏകോപനവും.

(സി) ജില്ലാ ഗ്രാമവികസന ഏജൻസി നടപ്പിലാക്കുന്ന പരിപാടികളുടെ മേൽനോട്ടം.

11. <u>വിദ്യാഭ്യാസം</u>

(എ) സർക്കാർ സാങ്കേതിക വിദ്യാലയങ്ങളുടെ (വസ്ത്ര നിർമ്മാണവും, തയ്യൽ സ്ക്കൂളുകളും, വാണിജ്യസ്ക്കൂളുകളും ഉൾപ്പെടെ) നടത്തിപ്പ്.

(ബി) ജില്ലയിലെ വയോജന–അനൗപചാരിക വിദ്യാഭ്യാസ പരിപാടികൾക്കു നേതൃത്വം നൽകുക.

(സി) ഗ്രന്ഥശാലാ സംഘങ്ങളുടെ നിയന്ത്രണവും പ്രോൽസാഹനവും.

(ഡി) സാക്ഷരതാ പ്രവർത്തനങ്ങളുടെ നിയന്ത്രണവും കോ–ഓർഡിനേഷനും.

(ഇ) ഹൈസ്ക്കൂളുകളുടെയും, അപ്പർ പ്രൈമറി സ്ക്കൂളുകളുടെ നിയന്ത്രണവും മേൽനോട്ടവും.

ജില്ലാ പഞ്ചായത്ത് തലത്തിൽ പതിനഞ്ചിൽ കുറയാതെയും ഇരുപത്തൊന്നിൽ കവിയാതെയുമുള്ള അംഗങ്ങൾ അടങ്ങുന്ന ഒരു വിദ്യാഭ്യാസ സമിതി രൂപീകരിക്കേണ്ടതാണ്. ഈ സമിതിയിൽ പഞ്ചായത്തംഗങ്ങൾക്ക് പുറമേ താഴെപ്പറയുന്ന വിഭാഗങ്ങളിലെ ഓരോ പ്രതിനിധികളെക്കൂടി ഉൾപ്പെടുത്തേണ്ടതാണ്.

1. എസ്. സി./ എസ്. ററി വിഭാഗം
2. ബാക്ക്വേർഡ് കമ്മ്യൂണിററി ആന്റ് മൈനോറിററി
3. പി.ററി.എ.
4. പ്രിൻസിപ്പാൾ–ഡിഗ്രി കോളേജ്
5. ഹെഡ്മാസ്ററർ–ഹൈസ്ക്കൂൾ
6. ഹെഡ്മാസ്ററർ–യു. പി. സ്ക്കൂൾ
7. അദ്ധ്യാപകരുടെ ഒരു പ്രതിനിധി.

ജില്ലാതലത്തിലുള്ള പ്രൊഫഷണൽ കോളേജുകൾ ഒഴികെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും മേൽനോട്ടത്തിനുള്ള അധികാരം ഈ സമിതിയിൽ നിക്ഷിപ്തമാണ്.

അധികാരങ്ങൾ

(i) കോളേജുതലത്തിലുള്ള ജില്ലയിലെ എല്ലാ വിദ്യാഭ്യാസ വികസന പ്രവർത്തനങ്ങളുടെയും പദ്ധതി തയ്യാറാക്കൽ, നടപ്പാക്കൽ മുതലായവ.

(ii) ജില്ലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണമേന്മ ഉറപ്പ് വരുത്തുവാനുള്ള സംവിധാനം ഉണ്ടാക്കുക.

(iii) ജില്ലാ വിദ്യാഭ്യാസ ഫണ്ട് രൂപീകരണവും വിതരണവും സംബന്ധിച്ച ചുമതലകൾ.

12. <u>സാമൂഹ്യക്ഷേമം</u>

(എ) സാമൂഹ്യ സുരക്ഷിത പെൻഷനുകളുടെ വിതരണം.

(ബി) വികലാംഗവിദ്യാർത്ഥികൾക്കു സ്കോളർഷിപ്പ് നൽകൽ.

(സി) അനാഥാലയങ്ങൾക്കു ഗ്രാന്റു നൽകൽ.

(ഡി) വികലാംഗർക്കായിട്ടുള്ള ഭവനങ്ങളിലെ അന്തേവാസികൾക്ക് ഗ്രാന്റ് നൽകൽ.

(ഇ) വനിതകൾക്കു നിയമസംരക്ഷണം നൽകുന്നതു സംബന്ധിച്ചുള്ള പ്രതിരോധവും ബോധവൽക്കരണവും പരിപാടികളുടെ നടപ്പിലാക്കൽ.

(എഫ്) വനിതാ ഉന്നമനത്തിനു വേണ്ടിയുള്ള നടപടികൾ ഐ. സി. സി. എസ്. പ്രോജക്ടുകളുടെ നിയന്ത്രണം.

13. <u>പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം</u>

(എ) പട്ടികജാതിക്കാരും പട്ടികവർഗ്ഗക്കാരുമായ സമർത്ഥരായ വിദ്യാർത്ഥികൾക്ക് കൂടുതൽ മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകൽ.

(ബി) പട്ടികജാതി–പട്ടികവർഗ്ഗക്കാർക്കായിട്ടുള്ള ബാലവാടികൾ, നഴ്സറി സ്കൂളുകൾ, സീസണൽ ഡേ കെയർ കേന്ദ്രങ്ങൾ, ഡോർമിററികൾ എന്നിവയുടെ നടത്തിപ്പ്.

(സി) പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കും വേണ്ടി സഹകരണ സംഘങ്ങൾ സംഘടിപ്പിക്കുക.

14. <u>പൊതുവിതരണ സമ്പ്രദായം</u>

(എ) വിലനിയന്ത്രണത്തിനായിട്ടുള്ള പ്രവർത്തനങ്ങൾ.

(ബി) ഉപഭോക്തൃ സംരക്ഷണത്തെപ്പററിയുള്ള ബോധവൽക്കരണം.

15. <u>വ്യവസായം</u>

1. എസ്.എസ്.ഐ യൂണിററുകളുടെ രജിസ്ട്രേഷൻ അടക്കമുള്ള നിയന്ത്രണങ്ങളും ഭരണപരമായ മററു കാര്യങ്ങളും.

2. ഖാദി ആന്റ് വില്ലേജ് ഇൻഡ്സ്രീസ്, കൈത്തറി, കയർ, മററ് പരമ്പരാഗത വ്യവസായങ്ങൾ എന്നിവയുടെ നടത്തിപ്പും മേൽനോട്ടവും നിയന്ത്രണങ്ങളും.

16. <u>തൊഴിൽ</u>

1. ഐ.ററി.ഐ., ഐ.ററി.സി എന്നിവയുടെ മേൽനോട്ടം.

2. തൊഴിലില്ലായ്മ വേതനം, കർഷകത്തൊഴിലാളി പെൻഷൻ എന്നിവയുടെ വിതരണം.

17. <u>റവന്യൂ</u>

1. വരൾച്ച ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം

2. റവന്യൂ വകുപ്പിൽകൂടി നൽകുന്ന പെൻഷനുകളുടെയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള സഹായങ്ങളുടെയും വിതരണം.

18. <u>സഹകരണം</u>

1. ഡെപ്പോസിററ് സംഭരണത്തിനുള്ള ഇൻസെന്റീവ്.

2. സഹകരണ സംഘങ്ങളിലെ ജീവനക്കാരുടെ ശമ്പളത്തിനുള്ള സബ്സിഡി..

3. മാർക്കററിംഗ് സംഘങ്ങൾക്കുള്ള സബ്സിഡി.

4. എസ്.സി./എസ്.ടി. സംഘങ്ങൾക്കുള്ള സബ്സിഡികൾ.

19. <u>ഭവന നിർമ്മാണം</u>

പൊതു ഹൗസിംഗ് കോളനികളും രാജീവ് ദശലക്ഷ പാർപ്പിട പദ്ധതിക്കും ഒഴികെയുള്ള ഭവനങ്ങളുടെ നിർമ്മാണവും അങ്ങനെ നിർമ്മിച്ച ഭവനങ്ങളുടെ വിതരണവും.

20. <u>ഫിഷറീസ്</u>:

1. ഫ്രഷ്‌വാട്ടർ ഫിഷ് ഡവലപ്‌മെന്റ് അതോറിററിയുടെ പ്രവർത്തനങ്ങളുടെ മേൽനോട്ടവും നിയന്ത്രണവും നിർവ്വഹിക്കുക.

2. ബ്രാക്കിഷ് വാട്ടർ ഫിഷ് ഡവലപ്‌മെന്റ് അതോറിററിയുടെ പ്രവർത്തനങ്ങളുടെ മേൽനോട്ടവും നിയന്ത്രണവും.

3. ജില്ലയിലെ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസുകളുടെ പ്രവർത്തന മേൽനോട്ടം നിർവ്വഹിക്കുക.

21. <u>സാമാന്യം</u>

(എ) പ്രദേശത്തിന്റെ വികസനത്തിനായുള്ള വാർഷിക പ്ലാനുകളും ദീർഘകാല പ്ലാനുകളും തയ്യാറാക്കൽ.

(ബി) വാർഷിക ബഡ്ജററ് തയ്യാറാക്കൽ.

(സി) പ്രകൃതിക്ഷോഭ ദുരിതാശ്വാസ പ്രവർത്തനങ്ങൾ.

## അനുബന്ധം 4

## 1994–ലെ കേരള മുനിസിപ്പാലിററി ആക്ടിന്റെ ഒന്നാം പട്ടിക

### മുനിസിപ്പാലിററികളുടെ ചുമതലകൾ

1. നഗരാസൂത്രണത്തിനും പട്ടണ വികസനത്തിനുംവേണ്ടി വാർഷിക ദീർഘകാല പദ്ധതികൾ തയ്യാറാക്കുകയും അവ നടപ്പിലാക്കുകയും ചെയ്യുക.

2. കെട്ടിടനിർമ്മാണവും ഭൂവിനിയോഗവും നിയന്ത്രിക്കുക.

3. സാമൂഹ്യ–സാമ്പത്തിക വികസന പദ്ധതികൾ തയ്യാറാക്കി നടപ്പാക്കുക.

4. റോഡുകളും പാലങ്ങളും

(എ) മുനിസിപ്പാലിററികളുടെ കീഴിലുള്ളതും സർക്കാർ കൈമാററം ചെയ്തുകൊടുക്കുന്നതുമായ റോഡുകളുടെയും കലുങ്കുകളുടെയും ഓടകളുടെയും സംരക്ഷണവും പുതിയ റോഡുകളുടെ നിർമ്മാണം, സംരക്ഷണം എന്നിവയും

(ബി) പുതിയ റോഡുകൾക്കും നിലവിലുള്ള റോഡുകൾക്കും വീതികൂട്ടുന്നതിനുവേണ്ടി ഭൂമി സ്വമേധയാ വിട്ടുകൊടുക്കുന്നതു സംഘടിപ്പിക്കൽ.

5. ജലവിതരണം

(എ) കേരള ജല അതോറിററി ഭരമേല്പിക്കുന്നതും ഗാർഹിക, വ്യാവസായിക, വ്യാപാര ആവശ്യങ്ങൾക്കുള്ള ജലവിതരണ പദ്ധതികൾ നടപ്പാക്കൽ.

(ബി) ശുദ്ധജലം ലഭിക്കുന്നതിന് കിണറുകളും കുഴൽകിണറുകളും കുഴിക്കലും അവയുടെ സംരക്ഷണവും.

(സി) പൊതുകുളങ്ങളുടെ സംരക്ഷണം.

6. പൊതുജനാരോഗ്യം

(എ) താലൂക്ക് ആശുപത്രികളുടെയും സർക്കാർ ഡിസ്പെൻസറികളുടെയും ഹെൽത്ത് സെന്ററുകളുടെയും (ആയുർവേദം, ഹോമിയോ ഡിസ്പെൻസറി കളുൾപ്പെടെ) നടത്തിപ്പും നിയന്ത്രണവും.

(ബി) പൊതുജനാരോഗ്യം സംരക്ഷിക്കലും മെച്ചപ്പെടുത്തലും.

(സി) മാതൃ–ശിശുക്ഷേമ കേന്ദ്രങ്ങളുടെ നടത്തിപ്പും നിയന്ത്രണവും.

(ഡി) സാംക്രമിക രോഗങ്ങൾക്കെതിരെ വാക്സിനേഷൻ ഉൾപ്പെടെയുള്ള പ്രതിരോധ നടപടികളും ആരോഗ്യസംബന്ധമായ വിദ്യാഭ്യാസ പരിപാടികളും നടപ്പാക്കുക.

(ഇ) റോഡുകളും, ഓടകളും, മാർക്കററുകളും, മററു പൊതു സ്ഥലങ്ങളും വൃത്തിയാക്കുകയും ഖരരൂപത്തിലുള്ള വർജ്യവസ്തുക്കൾ നീക്കം ചെയ്യുകയും ചെയ്യുക.

(എഫ്) അലഞ്ഞുനടക്കുന്ന പട്ടികളെ നശിപ്പിക്കുക.

(ജി) കൊതുകു നിയന്ത്രണം.

(എച്ച്) മാംസ, മൽസ്യം, പെട്ടെന്ന് ചീത്തയാകുന്ന മററു ഭക്ഷ്യവസ്തുക്കൾ എന്നിവയുടെ വിൽപ്പന നിയന്ത്രിക്കൽ.

(ഐ) ഭക്ഷ്യവ്യാപാര സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകൽ.

(ജെ) അനാഥപ്രേതങ്ങളും മൃഗങ്ങളുടെ ശവശരീരങ്ങളും മറവു ചെയ്യുക.

(കെ) പൊതുമൂത്രപ്പുരകളും കക്കൂസുകളും കളിസ്ഥലങ്ങളും ഏർപ്പെടുത്തുക.

(എൽ) നദികളിലും കുളങ്ങളിലും കുളിക്കടവുകൾ ഏർപ്പെടുത്തുകയും കന്നുകാലികളെ കുളിപ്പിക്കുന്നതിന് പ്രത്യേകം കടവുകൾ ഏർപ്പെടുത്തുകയും ചെയ്യുക.

(എം) വാട്ടർ ടൈപ്പു ക്ലോസെററുകൾ പ്രചരിപ്പിക്കുക.

(എൻ) അപകടകരവും അസഹ്യതയുണ്ടാക്കുന്നതുമായ വ്യാപാരങ്ങൾക്ക് ലൈസൻസ് നൽകൽ.

7. അഗ്നിശമന–സുരക്ഷിതത്വ നടപടികൾക്കും സംവിധാനങ്ങൾക്കും സഹായം നൽകൽ.

8. <u>സാമൂഹ്യവനവൽക്കരണവും പരിസ്ഥിതി സംരക്ഷണവും</u>

(എ) അർബൻ ഫോറസ്ട്രി പദ്ധതി നടപ്പാക്കുക.

(ബി) മരങ്ങൾ നട്ടുപിടിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

(സി) ചോലമരങ്ങളും സാമൂഹ്യവനവൽക്കരണ സ്ട്രിപ്പുകളും നട്ടുപിടിപ്പിക്കുകയും സംരക്ഷിക്കുകയും ചെയ്യുക.

(ഡി) വിറകിനുള്ള വൃക്ഷങ്ങൾ വളർത്തുകയും വിറക് വിതരണം നടത്തുകയും ചെയ്യുക.

(ഇ) കന്നുകാലി തീറ്റയ്ക്കുള്ള സസ്യങ്ങളും സോഫ്റ്റ്വുഡ് മരങ്ങളും കൃഷി ചെയ്യുക.

(എഫ്) വൃക്ഷ തൈകൾ വളർത്തിയെടുക്കുന്നതിനുള്ള നഴ്സറികൾ നേരിട്ടും, വിദ്യാഭ്യാസ സ്ഥാപനങ്ങളെയും സ്വമേധയാ പ്രവർത്തിക്കുന്ന ഏജൻസികളെയും സഹായിച്ചുകൊണ്ടും സ്ഥാപിക്കുക.

(ജി) പരിസ്ഥിതി സംബന്ധമായ ഘടകങ്ങളെ സംബന്ധിച്ച് ബോധവൽക്കരണം നടത്തുക.

9. <u>സാമൂഹ്യക്ഷേമം, പട്ടികജാതി-പട്ടികവർഗ്ഗക്ഷേമം</u>

(എ) പ്രീ സ്കൂൾ കുട്ടികൾക്ക് ഭക്ഷണം നൽകുന്നതിനുള്ള പരിപാടികൾ നടപ്പിലാക്കുക.

(ബി) ശിശുക്ഷേമ പദ്ധതികൾ നടപ്പിലാക്കുക.

(സി) ഐ.സി.ഡി.എസ്. പദ്ധതി പ്രകാരം പ്രവർത്തിക്കുന്ന അംഗൻവാടികളുടെ നിയന്ത്രണവും മേൽനോട്ടവും.

(ഡി) അംഗൻവാടി കേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിച്ചു നൽകുക.

(ഇ) അംഗവൈകല്യമുള്ള കുട്ടികൾക്കായുള്ള കെയർഹോമുകളുടെയും ശിശുവിഹാരങ്ങളുടെയും, അബലാമന്ദിരങ്ങളുടെയും, അംഗവൈകല്യം വന്നവർക്കും വയോജനങ്ങൾക്കുമുള്ള ഭവനങ്ങളുടെയും കസ്റേറാഡിയൻ കെയർ ഹോമുകളുടെയും ദുർബലവിഭാഗങ്ങളിൽ പ്പെട്ട കുട്ടികൾക്കുവേണ്ടിയുള്ള ഡേകെയർ കേന്ദ്രങ്ങളുടെയും അഗതി മന്ദിരങ്ങളുടെയും യാചക മന്ദിരങ്ങളുടെയും നടത്തിപ്പ്.

(എഫ്) അഗതി, വിധവ, വാർദ്ധക്യകാല പെൻഷൻ, വിധവകളുടെ പാവപ്പെട്ട പെൺമക്കളെ വിവാഹം ചെയ്തുകൊടുക്കുന്നതിനുള്ള ധനസഹായം, മിശ്രവിവാഹിതർക്കുള്ള ധനസഹായം എന്നിവ വിതരണം ചെയ്യൽ.

(ജി) കർഷകത്തൊഴിലാളി പെൻഷൻ, തൊഴിലില്ലായ്മവേതനം എന്നിവ വിതരണം ചെയ്യുക.

(എച്ച്) വികലാംഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകൽ.

(ഐ) മന്ദബുദ്ധികളായ ആളുകൾക്കുവേണ്ടിയുള്ള പ്രവർത്തനങ്ങൾക്ക് ധനസഹായം ചെയ്യുക; അത്തരം വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളെ സഹായിക്കുക.

(ജെ) അനാഥാലയങ്ങൾക്ക് ഗ്രാന്റ് നൽകൽ.

(കെ) വികലാംഗർക്കായുള്ള ഭവനങ്ങളിലെ അന്തേവാസികൾക്ക് ഗ്രാന്റ് നൽകൽ.

(എൽ) അന്ധവിശ്വാസങ്ങൾക്കും ജാതിചിന്തയ്ക്കും അയിത്താചരണത്തിനുമെതിരെ പ്രചരണം നടത്തുക.

(എം) കള്ളക്കടത്തിനും കരിഞ്ചന്തയ്ക്കും പൂഴ്ത്തിവയ്പിനും നികുതിവെട്ടിപ്പിനും മററു സാമൂഹ്യവിപത്തുകൾക്കുമെതിരെ പ്രചാരണം നടത്തുക.

(എൻ) വനിതകൾക്ക് നിയമസംരക്ഷണം നൽകുന്നതു സംബന്ധിച്ചുള്ള പ്രതിരോധവും ബോധവൽക്കരണവും പരിപാടികൾ നടപ്പാക്കൽ.

(ഒ) പട്ടികജാതിക്കാർക്കും, പട്ടികവർഗ്ഗക്കാർക്കുമായി വയോജന വിദ്യാഭ്യാസ പരിപാടികൾ നടപ്പാക്കുക.

(പി) പട്ടികജാതി–പട്ടികവർഗ്ഗക്കാർക്ക് വീട് ഓല മേയുന്നതിന് ധനസഹായം നൽകുക; ഭവനനിർമ്മാണത്തിന് ധനസഹായം നൽകുക.

(ക്യൂ) പട്ടികജാതി–പട്ടികവർഗ്ഗക്കാർക്കുള്ള കോളനികളിൽ പൊതു സൗകര്യങ്ങൾ ഏർപ്പെടുത്തുക.

(ആർ) പട്ടികജാതി–പട്ടികവർഗ്ഗക്കാർക്ക് വിവാഹം, വൈദ്യചികിൽസ, ഉപരിപഠനം എന്നിവയ്ക്ക് ധനസഹായം നൽകുക.

(എസ്) പട്ടികജാതി–പട്ടികവർഗ്ഗ വിഭാഗത്തിലുള്ള കുട്ടികൾക്കുവേണ്ടി ക്ഷേമപരിപാടികൾ ആരംഭിക്കുക.

(ററി) ദുർബലവിഭാഗങ്ങൾക്ക് നിയമസഹായ സമിതികൾ രൂപീകരിക്കുക.

(യു) പട്ടികജാതി – പട്ടികവർഗ്ഗ വിഭാഗക്കാർക്കുവേണ്ടിയുള്ള മററു ക്ഷേമ പരിപാടികൾ നടപ്പിലാക്കുക.

10. ചേരിപരിഷ്ക്കരണ പദ്ധതികൾ നടപ്പാക്കുക; പുറമ്പോക്കു നിവാസികളെ പുനരധിവസിപ്പിക്കുക.

11. <u>ദാരിദ്ര്യ നിർമ്മാർജ്ജനം</u>

(എ) നെഹ്റു റോസ്നഗർ യോജനയിൻ കീഴിലുള്ള പദ്ധതികൾ നടപ്പിലാക്കുക.

(ബി) അർബൺ ബേസിക് സർവ്വീസ് പദ്ധതികൾ നടപ്പാക്കുക.

(സി) നഗരസാമൂഹ്യ സംഘങ്ങളെ പ്രോൽസാഹിപ്പിക്കുക.

12. നഗരപ്രദേശങ്ങളിൽ പാർക്കുകൾ, പൂന്തോട്ടങ്ങൾ, കളിസ്ഥലങ്ങൾ, ട്രാഫിക് ഐലന്റുകൾ എന്നിവ നിർമ്മിക്കുകയും അവ സംരക്ഷിക്കുകയും ചെയ്യുക.

13. <u>സാംസ്കാരിക–വിദ്യാഭ്യാസ പ്രവർത്തനങ്ങൾ</u>

(എ) സർക്കാർ എൽ.പി., യു.പി., ഹൈസ്ക്കൂളുകളുടെ നിയന്ത്രണവും മേൽനോട്ടവും.

(ബി) സർക്കാർ സ്ക്കൂൾകെട്ടിടങ്ങൾ നിർമ്മിക്കുകയും അവയ്ക്ക് അററകുററപ്പണികൾ നടത്തുകയും ചെയ്യുക.

(സി) സ്കൂൾ കുട്ടികൾക്ക് ഉച്ചഭക്ഷണം നൽകുക.

(ഡി) പ്രീ–പ്രൈമറി സ്ക്കൂളുകളും വ്യാവസായിക പരിശീലനകേന്ദ്രങ്ങളും ഉൾപ്പെടെ മുനിസിപ്പാലിററി ഏർപ്പെടുത്തിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തുക.

(ഇ) വിദ്യാർത്ഥികൾക്ക് സ്ക്കോളർഷിപ്പുകളും ഗ്രാന്റുകളും വിതരണം ചെയ്യുക.

(എഫ്) അനൗപചാരിക വിദ്യാഭ്യാസവും വയോജന വിദ്യാഭ്യാസവും മററു സാക്ഷരതാ പരിപാടികളും നടപ്പിലാക്കുക.

(ജി) മുനിസിപ്പൽ ഗ്രന്ഥശാലകളുടെ നടത്തിപ്പും മററു ഗ്രന്ഥശാലകൾക്ക് ധനസഹായം നൽകലും.

(എച്ച്) നിലത്തെഴുത്താശാൻമാർക്ക് ഗ്രാന്റ് നൽകുക.

(ഐ) സ്ക്കൂളുകളിൽ കായികാദ്ധ്യാന സംസ്ക്കാരം പ്രോൽസാഹിപ്പിക്കുക.

(ജെ) സർക്കാർ സാങ്കേതിക വിദ്യാലയങ്ങളുടെ നിയന്ത്രണവും നടത്തിപ്പും.

(കെ) മുനിസിപ്പൽ കൗൺസിലർമാരും, എസ്.സി./എസ്.ററി.വിഭാഗം, പിന്നോക്ക മത ന്യൂനപക്ഷവിഭാഗം, പി.ററി.എ., ഡിഗ്രി കോളേജ് പ്രിൻസിപ്പൽമാർ, ഹൈസ്ക്കൂൾ ഹെഡ്മാസ്ററർമാർ, യു.പി. സ്ക്കൂൾ ഹെഡ്മാസ്ററർമാർ, അദ്ധ്യാപകർ എന്നിവരുടെ ഓരോ പ്രതിനിധിയും അടങ്ങിയ മുനിസിപ്പൽ വിദ്യാഭ്യാസ സമിതി രൂപീകരിച്ച് വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുകയും വിദ്യാഭ്യാസ ഫണ്ട് രൂപീകരിച്ച് വിതരണം ചെയ്യുകയും ചെയ്യുക.

(എൽ) സാമൂഹ്യ-സാംസ്ക്കരിക പ്രവർത്തനങ്ങൾ പ്രോൽസാഹിപ്പിക്കുക.

(എം) കമ്മ്യൂണിററി ഹാളുകളും ഓപ്പൺഎയർ തിയേറററുകളും നിർമ്മിക്കുക.

(എൻ) സ്ക്കൂൾ യുവജനോൽസവങ്ങൾക്കും, കലാസാംസ്ക്കാരിക, കായിക മേളകൾക്കും മററും തദ്ദേശീയ ഉൽസവങ്ങൾക്കും സഹായം നൽകുക, മേളകളും ഉൽസവങ്ങളും നിയന്ത്രിക്കുക.

(ഒ) പ്രശസ്ത വ്യക്തികൾക്കും ചരിത്ര പ്രസിദ്ധർക്കും സ്മാരകങ്ങൾ സ്ഥാപിക്കുകയും മററു ചരിത്ര സ്മാരകങ്ങൾ സംരക്ഷിക്കുകയും ചെയ്യുക.

14. ശവം അടക്കം ചെയ്യുന്നതിനും ദഹിപ്പിക്കുന്നതിനുമുള്ള പൊതു സ്ഥാനങ്ങളും വൈദ്യുത ക്രിമറേറാറിയങ്ങളും ഏർപ്പെടുത്തുകയും അവ സംരക്ഷിക്കുകയും ചെയ്യുക.

15. കന്നുകാലി പൗണ്ടുകൾ ഏർപ്പെടുത്തുകയും മൃഗങ്ങളോടുള്ള ക്രൂരത തടയുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്യുക.

16. ജനനങ്ങളും മരണങ്ങളും വിവാഹങ്ങളും രജിസ്ററർ ചെയ്യുക.

17. <u>പൊതു സൗകര്യങ്ങൾ ഏർപ്പാടു ചെയ്യൽ</u>

(എ) തെരുവു വിളക്കുകൾ സ്ഥാപിക്കുകയും അവ സംരക്ഷിക്കുകയും ചെയ്യുക.

(ബി) ബസ് സ്റേറാപ്പുകൾ നിർണ്ണയിക്കുകയും അവിടങ്ങളിൽ വെയിററിംഗ് ഷെഡ്ഡുകൾ നിർമ്മിക്കുകയും ചെയ്യുക.

(സി) ടാക്സികളും ഓട്ടോറിക്ഷകളും ഉൾപ്പെടെയുള്ള വാഹനങ്ങൾ പാർക്കു ചെയ്യുവാനുള്ള സ്ഥലങ്ങൾ ഏർപ്പെടുത്തുക.

(ഡി) കനാലുകളിൽ ബോട്ടുകളും വള്ളങ്ങളും പാർക്കു ചെയ്യുന്നതിന് സ്ഥലം ഏർപ്പെടുത്തുക.

18. കശാപ്പുശാലകളുടെ നടത്തിപ്പും നിയന്ത്രണവും; തുകൽ സംസ്ക്കരണ ശാലകൾക്ക് നിയന്ത്രണം ഏർപ്പെടുത്തലും.

19. കൃഷി

(എ) കൃഷി അഭിവൃദ്ധിപ്പെടുത്തുകയും മാതൃകാ കൃഷികളങ്ങൾ സ്ഥാപിക്കുകയും ചെയ്യുക.

(ബി) ധാന്യപ്പുരകൾ സ്ഥാപിക്കുക.

(സി) മുനിസിപ്പാലിററികളുടെ വകയോ അഥവാ അതിൽ നിക്ഷിപ്തമായിട്ടുള്ളതോ ആയ പാഴ് ഭൂമികളും തരിശ് ഭൂമികളും കൃഷി ചെയ്യുകയും ഭൂമിയുടെ ഏററവും പ്രയോജനകരമായ വിനിയോഗത്തെ പ്രോൽസാഹിപ്പിക്കുകയും ചെയ്യുക.

(ഡി) വളം ലഭിക്കുന്നതായ സ്രോതസ്സുകളുടെ സംരക്ഷണം ഉറപ്പു വരുത്തുക; പച്ചിലവളം കൃഷി ചെയ്ത് ഉണ്ടാക്കുക; കൂട്ടുവളം നിർമ്മിക്കുകയും വളം വിൽപ്പന നടത്തുകയും ചെയ്യുക, ജൈവവളം പ്രോൽസാഹിപ്പിക്കുക.

(ഇ) മെച്ചപ്പെട്ട ഇനം വിത്തുകളുടെയും തൈകളുടെയും നടീൽ വസ്തുക്കളുടെയും നഴ്സറികൾ സ്ഥാപിക്കുകയും പരിപാലിക്കുകയും ചെയ്യുക.

(എഫ്) പണിയായുധങ്ങൾ, സാമഗ്രികൾ, കീടനാശിനികൾ മുതലായവ നൽകുക.

(ജി) സഹകരണ കൃഷിയും കൂട്ടുകൃഷിയും പ്രോൽസാഹിപ്പിക്കുക.

(എച്ച്) വിളപരീക്ഷണങ്ങൾ നടത്തുകയും വിളസംരക്ഷണ പദ്ധതികൾ ആരംഭിക്കുകയും ചെയ്യുക.

(ഐ) വിള പരീക്ഷണങ്ങളും കൂട്ടുകൃഷിയും പ്രോൽസാഹിപ്പിക്കുക

.

(ജെ) ഭൂപരിഷ്കരണപദ്ധതികൾ നടപ്പാക്കുന്നതിൽ സർക്കാരിനെ സഹായിക്കുക.

(കെ) മണ്ണ് സംരക്ഷണ പദ്ധതികൾ നടത്തുക.

(എൽ) ഉദ്യാനകൃഷി പ്രോൽസാഹിപ്പിക്കുക.

(എം) മേച്ചിൽ സ്ഥലങ്ങൾ വികസിപ്പിക്കുകയും പരിപാലിക്കുകയും ചെയ്യുക.

(എൻ) ഗുരുതരമായ രോഗങ്ങൾക്കും കീടങ്ങൾക്കുമെതിരെ സസ്യസംരക്ഷണ നടപടികൾ സ്വീകരിക്കുകയും കളകൾ നിർമ്മാർജ്ജനം ചെയ്യുകയും ചെയ്യുക.

(ഒ) കാർഷിക പ്രദർശനങ്ങൾ നടത്തുക.

(പി) ഭൂമി ഏററവും പ്രയോജനകരമായ വിധത്തിൽ ഉപയോഗിക്കുന്നതിനും ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുംവേണ്ടി വിള വികസന പരിപാടികൾ

(ക്യൂ) രാസവളപ്രയോഗം പ്രോൽസാഹിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ.

(ആർ) ഭാഗികമായ യന്ത്രവൽക്കരണം ഏർപ്പെടുത്തൽ.

(എസ്) വിത്തുൽപ്പാദനം പ്രോൽസാഹിപ്പിക്കൽ.

(ററി) മേളകൾ, സെമിനാറുകൾ, കർഷകദിനാചരണം, നിവേശപക്ഷാചരണം (ഇൻപുട്ട് ഫോർട്ട്നൈററ്) എന്നിവ നടത്തുക.

(യു) കർഷകതലത്തിൽ കാർഷികോൽപ്പന്നത്തിന്റെ സംസ്ക്കരണം പ്രോൽസാഹിപ്പിക്കുക.

20. <u>മൃഗസംരക്ഷണവും ക്ഷീരവികസനവും.</u>

(എ) കന്നുകാലികളെയും കന്നുകാലി പ്രജനനവും അഭിവൃദ്ധിപ്പെടുത്തലും കന്നുകാലികളുടെ പൊതുസംരക്ഷണവും.

(ബി) ക്ഷീരവികസനം പ്രോൽസാഹിപ്പിക്കുക.

(സി) കോഴിവളർത്തൽ, തേനീച്ചവളർത്തൽ, പന്നി വളർത്തൽ എന്നിവ അഭിവൃദ്ധിപ്പെടുത്തുക.

(ഡി) പുൽമേടുകളുടെ വികസനം.

(ഇ) കന്നുകാലി പ്രദർശനങ്ങളും കോഴി പ്രദർശനങ്ങളും നടത്തുക.

(എഫ്) കൃത്രിമ ഗർഭോൽപ്പാദന സൗകര്യങ്ങൾ ഏർപ്പെടുത്തുക.

(ജി) മൃഗങ്ങളുടെ പൊതുവായ ആരോഗ്യ പരിപാലനം.

(എച്ച്) മൃഗചികിൽസ ഉൾപ്പെടെ മൃഗസംരക്ഷണം.

(ഐ) മൃഗങ്ങളുടെ രോഗങ്ങൾ തടയുന്നതിനും നിർമ്മാർജ്ജനം ചെയ്യുന്നതിനും ബന്ധപ്പെട്ട അധികാരികളെ സഹായിക്കുക.

(ജെ) സർക്കാർ വിട്ടുകൊടുത്ത വെററിനറി ഡിസ്പെൻസറികളും മൃഗാശുപത്രികളും വെററിനറി പോളിടെക്നിക്കുകളും ക്ലിനിക്കൽ ലബോറട്ടറികളും നടത്തുക.

(കെ) ഡയറി എക്സ്ററൻഷൻ യൂണിററുകൾ നടത്തുക.

(എൽ) കന്നുകാലിത്തീററ യൂണിററുകൾ സ്ഥാപിക്കുക.

(എം) ക്ഷീര സഹകരണ സംഘങ്ങളെ പ്രോൽസാഹിപ്പിക്കുക.

(എൻ) ബ്രീഡിംഗ് ഫാമുകൾ നടത്തുകയും മെച്ചപ്പെട്ട ഇനത്തിലുള്ള മൃഗങ്ങളേയും കോഴികളേയും വിതരണം ചെയ്യുകയും ചെയ്യുക.

21. <u>ചെറുകിട ജലസേചനം</u>

(എ) പൊതു പമ്പുസെററുകളും കുഴൽകിണറുകളും പരിപാലിക്കുക.

(ബി) പൊതു കുളങ്ങൾ പരിപാലിക്കുക.

(സി) ജലസേചനത്തിനായി കിണറുകൾ കുഴിക്കുക.

(ഡി) കമാൻഡ് ഏരിയാ വികസന അതോറിററി ഏൽപ്പിക്കുന്ന പണികൾ ഏർപ്പാടാക്കുക.

(ഇ) ജലസേചനത്തിനായുള്ള ജലത്തിന്റെ പരിപാലനവും ശരിയായ ഉപയോഗവും.

(എഫ്) കർഷകരുടെ സഹകരണത്തോടെ ഫീൽഡു ചാനലുകളും ഫീൽഡ് ബൂത്തുകളും നിർമ്മിക്കുക.

(ജി) മുഴുവൻ കമാൻഡ് ഏരിയായും മുനിസിപ്പാലിററിക്കുള്ളിലാണെങ്കിൽ 15 ഹെക്ടർ വരെ പ്രയോജനം ലഭിക്കുന്ന ചെറുകിട ജലസേചന പദ്ധതികളുടെയും ലിഫ്ററ് ഇറിഗേഷൻ പദ്ധതികളുടെയും നിർമ്മാണവും പരിപാലനവും നടത്തുക.

22. മത്സ്യബന്ധനം

(എ) പൊതു ജലാശയങ്ങൾ പാട്ടത്തിനു കൊടുത്തുകൊണ്ടും സംരംഭകരെ പ്രോൽസാഹിപ്പിച്ചുകൊണ്ടും മത്സ്യവിതരണം നടത്തിക്കൊണ്ടും മററും ഉൾനാടൻ മത്സ്യബന്ധനം വികസിപ്പിക്കുക.

(ബി) പരമ്പരാഗതമായ ലാൻഡിംഗ് സെന്ററുകൾ (ഇറക്കുകേന്ദ്രങ്ങൾ) നടത്തിക്കൊണ്ടു പോകുകയും പരിപാലിക്കുകയും ചെയ്യുക.

(സി) മൽസ്യബന്ധന റോഡുകളും ഡിസ്പെൻസറികളും സ്കൂളുകളും പരിപാലിക്കുകയും സൂക്ഷിക്കുകയും ചെയ്യുക.

(ഡി) സ്ക്കോളർഷിപ്പുകളും സ്റ്റൈറെപ്പന്റുകളും ഗ്രാന്റുകളും സൗജന്യമോ സബ്സിഡിയോടുകൂടിയോ ആയ പുസ്തകങ്ങളും വിദ്യാർത്ഥികൾക്ക് നൽകിക്കൊണ്ട് മൽസ്യത്തൊഴിലാളികളുടെ വിദ്യാഭ്യാസ സൗകര്യങ്ങൾ വ്യാപിപ്പിക്കുക.

(ഇ) തീരദേശങ്ങളിൽ നഴ്സറി സ്ക്കൂളുകളും സാക്ഷരതാ പരിപാടികളും സംഘടിപ്പിക്കുക.

(എഫ്) മൽസ്യത്തൊഴിലാളികളുടെ ഉന്നമനത്തിനും വികസനത്തിനും വേണ്ടി ക്ഷേമപദ്ധതികൾ നടപ്പിലാക്കുക.

(ജി) മൽസ്യത്തൊഴിലാളികൾക്ക് ഹൗസിംഗ് കോളനികൾ സ്ഥാപിക്കുക.

(എച്ച്) മൽസ്യ വിപണന സഹകരണസംഘങ്ങളെ പ്രോൽസാഹിപ്പിക്കുക.

23. ചെറുകിട വ്യവസായങ്ങൾ

(എ) ഒരു പ്രദേശത്തെ പരമ്പരാഗതമായുള്ള തൊഴിൽപരമായ കഴിവുകൾ തിരിച്ചറിയുകയും കുടിൽ വ്യവസായങ്ങൾ വികസിപ്പിക്കുകയും ചെയ്യുക.

(ബി) ചെറുകിട വ്യവസായങ്ങൾക്കും പണിശാലകൾക്കും ലൈസൻസ് നൽകുക.

(സി) കൈത്തൊഴിൽ ചെയ്യുന്നവർക്കും കരകൗശലപ്പണിയിൽ ഏർപ്പെട്ടിരിക്കുന്നവർക്കും പരിശീലനം നൽകാനുള്ള പരിപാടികൾ സംഘടിപ്പിക്കുക.

(ഡി) പട്ടുനൂൽപ്പുഴു വളർത്തൽ പ്രോൽസാഹിപ്പിക്കുക.

(ഇ) ചെറുകിട വ്യാവസായിക എസ്റേററുകൾ സ്ഥാപിക്കുകയും നടത്തുകയും ചെയ്യുക.

(എഫ്) അസംസ്കൃത സാധനങ്ങളുടെ പ്രാദേശിക വികസനത്തെ സഹായിക്കുക.

(ജി) ഗ്രാമവ്യവസായങ്ങൾക്കും അവയുടെ ഉൽപ്പനങ്ങൾക്കും സമൂഹത്തിൽ താൽപ്പര്യം ജനിപ്പിക്കുക.

(എച്ച്) ഒരു സംയോജിത കൗൺസിലിംഗ് ആന്റ് ക്ലിയറൻസ് സർവ്വീസിനുള്ള ഏർപ്പാടുവഴി ഗാർഹിക സഹകരണ സ്വകാര്യ ചെറുകിട വ്യവസായങ്ങളെ പ്രോൽസാഹിപ്പിക്കുക.

(ഐ) ചെറുകിട–കുടിൽ വ്യവസായങ്ങളിൽ നിന്നുള്ള ഉൽപ്പന്നങ്ങളുടെ വിപണനം പ്രോൽസാഹിപ്പിക്കുക.

(ജെ) വ്യവസായിക സംരംഭകത്വ വികസനം.

(കെ) ഖാദി–കൈത്തറി നെയ്ത്തു തൊഴിലാളികൾക്കും കരകൗശല തൊഴിലാളികൾക്കും കൈത്തൊഴിലിലേർപ്പെട്ടിരിക്കുന്നവർക്കും പരിശീലന പരിപാടികൾ സംഘടിപ്പിക്കുക.

(എൽ) ചെറുകിട വ്യവസായങ്ങൾക്കുള്ള സാമ്പത്തിക സഹായ വിതരണവും സ്വയം തൊഴിൽ കണ്ടെത്തൽ പദ്ധതികൾക്ക് സഹായം നൽകലും.

(എം) എസ്. എസ്. ഐ. യൂണിററുകളുടെ രജിസ്ട്രേഷനും നിയന്ത്രണവും.

(എൻ) ഖാദി–ഗ്രാമവ്യവസായം, കൈത്തറി, കയർ, കരകൗശലം, മററു പരമ്പരാഗത വ്യവസായങ്ങൾ എന്നിവയുടെ നടത്തിപ്പും നിയന്ത്രണവും.

24. <u>ഭവനനിർമ്മാണം</u>

(എ) ഭവനരഹിതരായ കുടുംബങ്ങളേയും പുറംപോക്കിൽ താമസിക്കുന്നവരേയും തിരിച്ചറിയുക.

(ബി) ഭവന നിർമ്മാണത്തിനുള്ള സ്ഥലങ്ങൾ ഏററെടുക്കുകയും അവ ഭവനരഹിതർക്ക് വിതരണം നടത്തുകയും ചെയ്യുക.

(സി) ചെലവുകുറഞ്ഞ നിർമ്മാണത്തിനും കെട്ടിട നിർമ്മാണ സാമഗ്രികൾക്കും പ്രചാരം നൽകുക.

(ഡി) ഷെൽററർ അപ്ഗ്രെഡേഷൻ പദ്ധതികൾ നടപ്പിലാക്കുക.

(ഇ) ഹൗസിംഗ് കോളനികളിൽ പൊതു സൗകര്യങ്ങൾ ഏർപ്പെടുത്തുക.

(എഫ്) പൊതു ഹൗസിംഗ് കോളനികളും ഫ്ളാററുകളും രാജീവ് ദശലക്ഷം ഭവനനിർമ്മാണ പദ്ധതി പ്രകാരമുള്ള ഭവനങ്ങളും അല്ലാത്ത ഹൗസിംഗ് കോളനികളുടെ നിർമ്മാണവും അങ്ങനെ നിർമ്മിച്ച ഭവനങ്ങളുടെ വിതരണവും നടത്തുക.

(ജി) ഭവന നിർമ്മാണത്തിനുള്ള സ്ഥലങ്ങളുടെ വികസനവും അവയുടെ വിതരണവും നടത്തുക.

(എച്ച്) ഭവന നിർമ്മാണ സഹകരണ സംഘങ്ങളെ പ്രോൽസാഹിപ്പിക്കുക.

(ഐ) സംസ്ഥാന സർക്കാരും കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡും ഭാരമേൽപ്പിക്കുന്ന പദ്ധതികൾ നടപ്പിലാക്കുക.

25. <u>വൈദ്യുതിയും പാരമ്പര്യേതര ഊർജ്ജവും</u>

(എ) കേരള സംസ്ഥാന വൈദ്യുതി ബോർഡ് നടത്തേണ്ടതായ വൈദ്യുതീകരണ ജോലികൾ തിരിച്ചിറിയുക.

(ബി) ബയോഗ്യാസ് പ്ലാന്റുകൾ ഉൾപ്പെടെയുള്ള പാരമ്പര്യേതര ഊർജ്ജം പ്രചാരത്തി ലാക്കുക.

(സി) ഊർജ്ജം ലാഭിക്കുന്നതിനുള്ള ഉപായങ്ങൾക്ക് പ്രോൽസാഹനം നൽകുകയും അവ പ്രചരിപ്പിക്കുകയും ചെയ്യുക.

(ഡി) മൈക്രോ പവർ പ്രോജക്ടുകൾ സ്ഥാപിക്കുകയും അവയിൽ നിന്നുൽപ്പാദിപ്പിക്കുന്ന വൈദ്യുതിയുടെ വിതരണം നടത്തുകയും ചെയ്യുക.

26. <u>പൊതുവിതരണ സമ്പ്രദായം</u>

(എ) പൊതുവിതരണ സമ്പ്രദായത്തിനെതിരെയുള്ള പരാതികൾ പരിശോധിക്കുകയും പരിഹാരനടപടികൾ സ്വീകരിക്കുകയും ചെയ്യുക.

(ബി) അളവും തൂക്കവും സംബന്ധിച്ച കുററങ്ങൾക്കെതിരെ പ്രചരണം സംഘടിപ്പിക്കുക.

(സി) റേഷൻകടകളുടെയും മാവേലിസ്റേറാറുകളുടെയും പൊതുമേൽനോട്ടം വഹിക്കുകയും അവയ്ക്ക് മാർഗ്ഗ നിർദ്ദേശം നൽകുകയും ചെയ്യുക.

(ഡി) റേഷൻകടകൾ പരിശോധിച്ച് ക്രമക്കേടുകൾ കണ്ടുപിടിക്കുകയും അവശ്യസാധനങ്ങൾ പൂഴ്ത്തി വയ്ക്കുന്നതിനെതിരായി നടപടിയെടുക്കുകയും ചെയ്യുക.

(ഇ) വില നിയന്ത്രണത്തിനായുള്ള പ്രവർത്തനങ്ങൾ നടത്തുക.

(എഫ്) ഉപഭോക്തൃ സംരക്ഷണത്തെപ്പററിയുള്ള ബോധവൽക്കരണം നടത്തുക.

27. തൊഴിൽ

ഐ. ററി. ഐ., ഐ. ററി. സി. എന്നിവയുടെ മേൽനോട്ടം.

28. സഹകരണം

(എ) ഡിപ്പോസിററ് സംഭരണത്തിനുള്ള ഇൻസെന്റീവ് നൽകൽ.

(ബി) സഹകരണ സംഘങ്ങളിലെ ജീവനക്കാരുടെ ശമ്പളത്തിനുള്ള സബ്സിഡി വിതരണം ചെയ്യൽ.

(സി) മാർക്കററിംഗ് സഹകരണ സംഘങ്ങൾക്കുള്ള സബ്സിഡി വിതരണം ചെയ്യൽ.

(ഡി) പട്ടികജാതി–പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്കുള്ള സബ്സിഡി വിതരണം ചെയ്യൽ.

29. സാമാന്യം

(എ) പ്രകൃതിക്ഷോഭം, വരൾച്ച ദുരിതാശ്വാസ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.
(ബി) റവന്യൂ വകുപ്പിൽകൂടിയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും നൽകുന്ന സഹായങ്ങൾ വിതരണം ചെയ്യുക.

(സി) വാർഷിക ബഡ്ജററ് തയ്യാറാക്കൽ.

(ഡി) സാമൂഹികവികസന പരിപാടികൾക്ക് ശ്രമദാനം സംഘടിപ്പിക്കുക.

(ഇ) പ്രഥമശുശ്രൂഷാ പരിശീലനം, വാഹന അപകടങ്ങൾക്കെതിരെ ബോധവൽക്കരണം, ട്രാഫിക് നിയമങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണം, നിയമനസഹായം ലഭ്യമാക്കൽ, പൗരബോധം വളർത്തൽ മുതലായവ.
(എഫ്) ദേശീയ സമ്പാദ്യ പരിപാടികളിൽ പങ്കെടുക്കുക, സമ്പാദ്യശീലം വളർത്തുക, മിതവ്യയശീലം വളർത്തുക.

(ജി) ആംബുലൻസ് സർവ്വീസ് നടത്തുക.

(എച്ച്) കടത്തുകൾ നടത്തുകയും അവയ്ക്ക് ലൈസൻസ് നൽകുകയും ചെയ്യുക

(ഐ) ജലമാർഗ്ഗങ്ങളും പൊതുകനാലുകളും സംരക്ഷിക്കൽ.

(ജെ) പൊതുമാർക്കററുകൾ, ഷോപ്പിഗ് കോംപ്ലക്സുകൾ, ബസ് സ്ററാന്റുകൾ, റസ്ററ് ഹൗസുകൾ എന്നിവ നടത്തുക.

## അനുബന്ധം 5

എ. ഗ്രാമപഞ്ചായത്തിന് കൈമാറുന്ന സ്ഥാപനങ്ങളുംതസ്തികകളും

1. കൃഷിവകുപ്പ്.–അതതു സ്ഥലത്തെ കൃഷിഭവൻ.

2. മൃഗസംരക്ഷണ വകുപ്പ്.–അതതു സ്ഥലത്തെ വെററിനറി സബ്സെന്റർ; വെററിനറി ഡിസ്പെൻസറി/ആശുപത്രി.

3. ക്ഷീരവികസന വകുപ്പ്.–ഒരു ഡയറി എക്സ്ററൻഷൻ ആഫീസർ തസ്തികയും അനുബന്ധ തസ്തികകളും (ഈ യൂണിററ് ബ്ലോക്ക് പഞ്ചായത്തുപ്രദേശത്തെ ഏതെങ്കിലും ഒരു ഗ്രാമപഞ്ചായത്തിനു കൈമാററം ചെയ്യേണ്ടതും അത് ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും പ്രവർത്തിക്കേണ്ടതുമാണ്).

4. മത്സ്യബന്ധന വകുപ്പ്.–ഒരു ഫിഷറീസ് സബ് ഇൻസ്പെക്ടർ തസ്തിക (ആവശ്യമായ ഗ്രാമപഞ്ചായത്തുകളിൽ മാത്രം).

5. ഗ്രാമവികസന വകുപ്പ്.–രണ്ട് വില്ലേജ് എക്സ്ററൻഷൻ ആഫീസർ തസ്തികകൾ (ലേഡി വി. ഇ. ഒ. ഉൾപ്പെടെ) (രണ്ടു വീതം തസ്തികകൾ ഓരോ ഗ്രാമപഞ്ചായത്തിലേക്കും വിട്ടുകൊടുക്കുന്നതിന് ആവശ്യമായ തസ്തികകൾ ഒരു ഗ്രാമവികസന ബ്ലോക്കിൽ ലഭ്യമല്ലെങ്കിൽ, തല്ക്കാലം ഒരു തസ്തിക വിട്ടുകൊടുത്താൽ മതിയാകുന്നതാണ്. ജോലിഭാരമനുസരിച്ച് ഏതെങ്കിലും ഗ്രാമപഞ്ചായത്തിൽ രണ്ടിൽ കൂടുതൽ തസ്തികകൾ ആവശ്യമുണ്ടെങ്കിൽ ലഭ്യതയ്ക്കനുസരിച്ച് അപ്രകാരം വിട്ടുകൊടുക്കാവുന്നതാണ്).

6. സാമൂഹ്യക്ഷേമവകുപ്പ്.–അതതു സ്ഥലത്തെ ഡേ കെയർ സെന്ററുകൾ അംഗൻവാടികളും.

7. പട്ടികജാതിവികസന വകുപ്പ്.–അതതു സ്ഥലത്തെ ബാലവാടികൾ, ബാലവാടി–കം–ഫീഡിംഗ് സെന്റർ, സീസണൽ ഡേ കെയർ സെന്റർ, ഡോർമിററി.

8. പട്ടികവർഗ്ഗ വികസന വകുപ്പ്.–അതതു സ്ഥലത്തെ ബാലവാടികൾ, മെഡിക്കൽ യൂണിററ്, നഴ്സറി സ്ക്കൂളുകൾ, മിഡ്വൈഫറി സെന്ററുകൾ, ആയുർവേദ ഡിസ്പെൻസറികൾ.

9. ആരോഗ്യ വകുപ്പ്.–അതതു സ്ഥലത്തെ പ്രൈമറി ഹെൽത്ത് സെന്റർ, ഗവൺമെന്റ് ഡിസ്പെൻസറി.

10. ആയുർവേദ വകുപ്പ്.–അതതു സ്ഥലത്തെ ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി, ആശുപത്രി.

11. ഹോമിയോപ്പതി വകുപ്പ്.–അതു സ്ഥലത്തെ ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറി, ആശുപത്രി.

12. പൊതുവിദ്യാഭ്യാസ വകുപ്പ്.–അതതു സ്ഥലത്തെ ഗവൺമെന്റ് ലോവർ പ്രൈമറി സ്ക്കുളുകൾ.

13. പൊതുമരാമത്ത് വകുപ്പ്.–ഒരു പബ്ലിക് വർക്സ് ഓവർസിയർ തസ്തിക (ഈ തസ്തിക എഞ്ചിനീയറിംഗ് സ്ററാഫ് നിലവിലില്ലാത്ത ഏതെങ്കിലും ഒരു ഗ്രാമപഞ്ചായത്തിന് വിട്ടുകൊടുക്കേണ്ടതും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അത്തരം 3 ഗ്രാമപഞ്ചായത്തുകളിൽ പ്രവർത്തിക്കേണ്ടതുമാണ്).

ബി. ബ്ലോക്ക് പഞ്ചായത്തിന് കൈമാറുന്ന സ്ഥാപനങ്ങളുംതസ്തികകളും

1. കൃഷിവകുപ്പ്.–ഒരു അസിസ്ററന്റ് ഡയറക്ടർ തസ്തികയും അനുബന്ധ തസ്തികകളും.

2. വ്യവസായ വകുപ്പ്.–ഒരു ഇൻഡസ്ട്രിയൽ എക്സ്ററൻഷൻ ആഫീസർ തസ്തിക.

3. ഗ്രാമവികസന വകുപ്പ്.–ബ്ലോക്ക് ഡവലപ്മെന്റ് ആഫീസർ തസ്തികയും അനുബന്ധ തസ്തികകളും.

4. സാമൂഹ്യക്ഷേമ വകുപ്പ്.–അതതു സ്ഥലത്തെ കെയർ ഹോമുകളും ഓൾഡ് ഏജ് ഹോമുകളും അതുപോലെയുള്ള മററു സ്ഥാപനങ്ങളും.

5. പട്ടികജാതി വികസന വകുപ്പ്.–(1) അതതു സ്ഥലത്തെ പ്രീമെട്രിക് ഹോസ്ററലുകൾ. (2) ബ്ലോക്ക് എക്സ്ററൻഷൻ ആഫീസർ തസ്തിക (എല്ലാ ഗ്രാമപഞ്ചായത്തുകളിലും സേവനം ലഭ്യമാക്കണം).

6. പട്ടികവർഗ്ഗ വികസന വകുപ്പ്.–ട്രൈബൽ എക്സ്ററൻഷൻ ആഫീസർ (എല്ലാ ഗ്രാമപഞ്ചായത്തുകളിലും സേവനം ലഭ്യമാക്കണം).

7. ആരോഗ്യ വകുപ്പ്.–അതതു സ്ഥലത്തെ ബ്ലോക്ക് ലവൽ പ്രൈമറി ഹെൽത്ത് സെന്റർ/കമ്മ്യൂണിററി ഹെൽത്ത് സെന്റർ, താലൂക്ക് ആശുപത്രി/ഗവൺമെന്റ് ആശുപത്രി.

8. ആയുർവേദ വകുപ്പ്.–അതതു സ്ഥലത്തെ താലൂക്ക് ആശുപത്രി.

9. ഹോമിയോപ്പതി വകുപ്പ്.–അതതു സ്ഥലത്തെ താലൂക്ക് ആശുപത്രി.

സി. ജില്ലാ പഞ്ചായത്തിന് കൈമാറുന്ന സ്ഥാപനങ്ങളുംതസ്തികകളും

1. കൃഷിവകുപ്പ്.– (i) രണ്ട് കൃഷി ഡെപ്യൂട്ടി ഡയറക്ടർ തസ്തികകളും അനുബന്ധ തസ്തികകളും.

(ii) ജില്ലാ സോയിൽ കൺസർവേഷൻ ആഫീസർ തസ്തികയും അനുബന്ധ തസ്തികകളും.

(iii) ഒരു അസിസ്ററന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയും അനുബന്ധ തസ്തികകളും.

(iv) അതതു സ്ഥലത്തെ മണ്ണു പരിശോധനാ ലാബറട്ടറി.

(v) മൊബൈൽ മണ്ണു പരിശോധനാ ലാബോറട്ടറി.

(vi) ജില്ലാ വില്പനകേന്ദ്രം.

(vii) ജില്ലാ കൃഷിത്തോട്ടം/തെങ്ങിൻതൈ നഴ്സറി. (ജില്ലാ പഞ്ചായത്തിനു വിട്ടുകൊടുക്കുന്ന ഈ സ്ഥാപനങ്ങൾ അവ നിലവിലില്ലാത്ത ജില്ലകളിലെ ആവശ്യം കൂടി നിറവേററേണ്ടതാണ്.)

2. മൃഗസംരക്ഷണ വകുപ്പ്.–അതതു സ്ഥലത്തെ വെററിനറി പോളിക്ലിനിക്, ഐ.സി.ഡി.പി. ഏരിയ ആഫീസ്, മൊബൈൽ വെററിനറി ഡിസ്പെൻസറി, മൊബൈൽ ഫാം യൂണിററ്, ജില്ലാ വെററിനറി കേന്ദ്രത്തോട് ബന്ധപ്പെട്ടതല്ലാത്ത ക്ലിനിക്കൽ ലാബറട്ടറി (മൊബൈൽ യൂണിററുകളുടെയും ക്ലിനിക്കൽ ലാബറട്ടറികളുടെയും സേവനം നഗരപ്രദേശങ്ങളിലും ലഭ്യമാക്കേണ്ടതാണ്).

3. മത്സ്യബന്ധന വകുപ്പ്.–അതതു സ്ഥലത്തെ ഫിഷറീസ് സ്ക്കൂൾ.

4. ചെറുകിട ജലസേചന വകുപ്പ്.–ഒരു അസിസ്ററന്റ് എഞ്ചിനീയറും അനുബന്ധ സ്ററാഫും അടങ്ങുന്ന ഒരു സെക്ഷൻ.

5. വ്യവസായ വകുപ്പ്.–ഒരു മാനേജർ തസ്തികയും അനുബന്ധ തസ്തികകളും (ജില്ലാ വ്യവസായ കേന്ദ്രത്തിൽനിന്ന്).

6. ഗ്രാമവികസന വകുപ്പ്.–ഒരു അസിസ്ററന്റ് ഡവലപ്മെന്റ് കമ്മീഷണർ തസ്തികയും ഒരു വനിതാക്ഷേമ ആഫീസർ തസ്തികയും അനുബന്ധ തസ്തികകളും.

7. പൊതുവിദ്യാഭ്യാസ വകുപ്പ്.–(ശ) അതതു സ്ഥലത്തെ ഗവൺമെന്റ് അപ്പർ പ്രൈമറി സ്ക്കൂളുകളും ഹൈസ്ക്കൂളുകളും.

(ii) ഡെപ്യൂട്ടി ഡയറക്ടർ അഫീസിൽനിന്ന് ഒരു സെക്ഷൻ.

8. സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്.– (i) അതതു സ്ഥലത്തെ ടെയിലറിംഗ് ആന്റ് ഗാർമെന്റ് മേക്കിംഗ് ട്രെയിനിംഗ് സെന്റർ.

(ii) അതതു സ്ഥലത്തെ ടെയിലറിംഗ് ട്രേഡ് സെന്റർ.

7. സഹകരണ വകുപ്പ്.–ഒരു അസിസ്ററന്റ് രജിസ്ട്രാർ തസ്തികയും ഒരു ക്ലാർക്ക് തസ്തികയും.

8. പൊതുമരാമത്ത് വകുപ്പ്.–ഒരു എക്സിക്യൂട്ടീവ് എഞ്ചിനീയറും അനുബന്ധ സ്ററാഫും ഉൾപ്പെടുന്ന ഒരു ഡിവിഷൻ (ലോക്കൽ വർക്സ് ഡിവിഷൻ, സ്പെഷ്യൽ ഡിവിഷൻ, ബിൽഡിംഗ് ഡിവിഷൻ എന്നിവയിൽനിന്ന്).

ഡി. മുനിസിപ്പൽ കൗൺസിലിന്/മുനിസിപ്പൽ കോർപ്പറേഷന്

കൈമാറുന്ന സ്ഥാപനങ്ങളും തസ്തികകളും

1. കൃഷി വകുപ്പ്.– (i) അതതു സ്ഥലത്തെ കൃഷിഭവൻ.

(ii) ഒരു കൃഷി ഡെപ്യൂട്ടി ഡയറക്ടർ തസ്തിക (ഈ തസ്തിക ജില്ലാ ആസ്ഥാനത്തെ നഗരസഭയ്ക്കാണ് വിട്ടുകൊടുക്കേണ്ടത്; എന്നാൽ ഉദ്യോഗസ്ഥന്റെ സേവനം ജില്ലയിലെ എല്ലാ നഗരസഭകൾക്കും ലഭ്യമാക്കണം).

2. മൃഗസംരക്ഷണ വകുപ്പ്.–അതതു സ്ഥലത്തെ വെററിനറി പോളിക്ലിനിക്, സബ്സെന്റർ, ഡിസ്പെൻസറി.

3. മത്സ്യബന്ധന വകുപ്പ്.–ഒരു ഫിഷറീസ് സബ് ഇൻസ്പെക്ടർ തസ്തിക (ആവശ്യമായ നഗരസഭകളിലേക്ക് മാത്രം).

4. വ്യവസായ വകുപ്പ്.–ഒരു ഇൻഡസ്ട്രീസ് എക്സ്ററൻഷൻ ആഫീസർ തസ്തിക.

5. സാമൂഹ്യക്ഷേമ വകുപ്പ്.–അതതു സ്ഥലത്തെ ഡേകെയർ സെന്ററുകൾ, അംഗൻവാടികൾ, അതുപോലുള്ള മററു സ്ഥാപനങ്ങൾ.

6. ആരോഗ്യ വകുപ്പ്.–അതതു സ്ഥലത്തെ കമ്മ്യൂണിററി ഹെൽത്ത് സെന്റർ, ഗവൺമെന്റ് ആശുപത്രി, താലൂക്ക് ആശുപത്രി.

7. ആയുർവേദ വകുപ്പ്.–അതതു സ്ഥലത്തെ താലൂക്ക് ആശുപത്രി.

8. ഹോമിയോപ്പതി വകുപ്പ്.–അതതു സ്ഥലത്തെ താലൂക്ക് ആശുപത്രി.

9. പൊതുവിദ്യാഭ്യാസ വകുപ്പ്.–അതതു സ്ഥലത്തെ ഗവൺമെന്റ് പ്രൈമറി സ്ക്കൂളുകളും ഹൈസ്ക്കൂളുകളും.

10. <u>സഹകരണ വകുപ്പ്</u>.–ഒരു സീനിയർ സഹകരണ ഇൻസ്പെക്ടർ തസ്തിക. (ഈ തസ്തിക ജില്ലാ ആസ്ഥാനത്തെ നഗരസഭയിലേക്ക് വിട്ടുകൊടുക്കേണ്ടതും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ജില്ലയിലെ എല്ലാ നഗരസഭകളിലും പ്രവർത്തിക്കേണ്ടതുമാകുന്നു.)